കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കുത്തിയതോട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി2-1480/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 28.12.2016

ഫോൺ – 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുത്തിയതോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുത്തിയതോട് ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1, 3-2, 3-10ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി2-1480/16 തീയതി: 28.12.2016

# ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.02.2016 മുതൽ 05.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത്സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്ത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.11.2016 മുതൽ 30.11.2016 വരെ | ശ്രീ. സുരേഷ് എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.ജി. രാജേഷ് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (21.11.2016 മുതൽ) |
| | ശ്രീ. രാജേഷ് റ്റി, ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

1. <u>പ്രസിഡന്റ്</u>

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി. മോളി സുഗുണാനന്ദൻ | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| 3 | ശ്രീമതി. പ്രേമ രാജപ്പൻ | 19.11.2015 മുതൽ 31.03.2016 വരെ |

2. സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. പി.ഡി.ജോഷി | 01.04.2015 മുതൽ 03.04.2015 വരെ<br>01.05.2015 മുതൽ 21.07.2015 വരെ |
| 2 | ശ്രീമതി. പി.എം. ഉഷ (ഇൻ ചാർജ്) | 04.04.2015 മുതൽ 30.04.2015 വരെ |
| 2 | ശ്രീ. വേണഗോപാൽ. എസ്. | 22.07.2015 മുതൽ 31.03.2016 വരെ |

3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | |
|---|---|---|
| ധനകാര്യം | ശ്രീ. പൊന്നപ്പൻ | 01.04.2015 - 31.10.2015 |
| | ശ്രീമതി. മേരി | 19.11.2015 - 31.03.2016 |
| വികസനകാര്യം | ശ്രീമതി. ശാന്തകുമാരി | 01.04.2015 - 31.10.2015 |
| | ശ്രീ. കെ. ഐനേഷ് കുമാർ | 19.11.2015 - 31.03.2016 |
| ക്ഷേമകാര്യം | ശ്രീ. സി. എം. കുഞ്ഞിക്കോയ | 01.04.2015 - 31.10.2015 |
| | ശ്രീമതി. ഗീതാ ഷാജി | 19.11.2015 - 31.03.2016 |
| ആരോഗ്യ - വിദ്യാഭ്യാസകാര്യം | ശ്രീമതി. അജിതാ ടോമി | 01.04.2015 - 31.10.2015 |
| | ശ്രീ. സജീവ് | 19.11.2015 - 31.03.2016 |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സൂസമ്മ വി. | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പള്ളിത്തോട് | ഡോ.സേതു മാധവൻ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. സ്മിത റാണി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. അശ്വതി | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. സ്വാതി പ്രകാശ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ആഞ്ചില. വി. | 01.04.2015 മുതൽ 07.01.2016 വരെ |
| | ശ്രീമതി. ധന്യ | 08.01.2016 മുതൽ 17.01.2016 വരെ |
| | ശ്രീമതി.ജയശ്രീ പി. പി | 18.01.2016 മുതൽ 31.03.2016 വരെ |
| പ്രധാന അധ്യാപിക, ഗവ. യു.പി.എസ്., പറയകാട് | ശ്രീമതി.കെ.ജി.ശ്രീദേവി | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. എൻ. എൻ. അനിൽ കുമാർ | 01.04.2015 മുതൽ 18.05.2015 വരെ |
| | ശ്രീമതി. റെയ്ച്ചൽ ബഞ്ചമിൻ | 19.05.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (നാലുകുളങ്ങര) | ശ്രീ. മഹേഷ് പി.എം | 01.04.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, (കുത്തിയതോട് ) | ശ്രീ. സന്ദീപ് വി.റ്റി. | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. ഷിൻഡ്യ. എൽ. കെ. | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. പി.എം. ഉഷ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം- 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11വരെ |
| | ഭാഗം- 2 | |
| 2 | പരസ്യനികുതി ഈടാക്കിയിട്ടില്ല. | 2-1 |
| 3 | തൊഴിൽ നികുതി-അപാകം. | 2-2 |
| 4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 5 | മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല. | 2-4 |
| 6 | ഡി & ഓ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. | 2-5 |
| 7 | വസ്തുനികുതി പിരിവിലെ അപാകതകൾ | 2-6 |
| 8 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല | 2-7 |
| 9 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-8 |
| 10 | ലേല കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-9 |
| 11 | പൈക്ക -പദ്ധതി | 2-10 |
| 12 | ബിൽഡിംഗ് പെർമിറ്റ് – അപാകതകൾ | 2-11 |
| 13 | നിർജ്ജീവ അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല. | 2-12 |
| | ഭാഗം - 3 | |
| 14 | ഡി.ഡി.എസ് & ഡി. റേറ്റിലധികരിച്ച് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങിയത് മൂലം അധിക ചെലവ് | 3-1 |

| | | |
|---|---|---|
| 15 | പൊതു ശ്മശാനം – മുൻകൂർ കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും നവീകരണം നടന്നില്ല. | 3-2 |
| 16 | പൈക്ക പദ്ധതി – ലക്ഷ്യം കൈവരിച്ചില്ല. | 3-3 |
| 17 | ടി. ഡി. കിഴക്കേ നട കലുങ്ക് നിർമ്മാണം – കൺവീനർ വാങ്ങിയതിനേക്കാൾ കൂടുതൽ 12 mm കമ്പിയുടെ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു. | 3-4 |
| 18 | ടാറിംഗിന് 6 mm മെറ്റൽ അളവ് കൂടുതൽ അനുവദിച്ചു – | 3-5 |
| 19 | ചാവടി കൊറ്റനാട്ട് – പൊൻപുറം – മാതാംപറമ്പ് റോഡ് ഫോർമേഷൻ (വാർഡ് -2) അധിക ചെലവ് | 3-6 |
| 20 | മത്സ്യഭവൻ നടപ്പാത ഫോർമേഷൻ വാർഡ് 15 – കൺവീനർ ചെയ്ത പ്രവൃത്തിയ്ക്ക് സി.പി. ഉൾപ്പെടെയുള്ള നിരക്ക് അനുവദിച്ചു. | 3-7 |
| 21 | പള്ളിത്തോട് ഹരിജൻ കോളനിയ്ക്ക് സൈഡ് കല്ലുകെട്ട് – വാർഡ് 1 – കൺവീനർ ചെയ്ത പ്രവൃത്തിയ്ക്ക് ഉയർന്ന നിരക്ക് അനുവദിച്ചു. | 3-8 |
| 22 | പാലിയേറ്റീവ് കെയർ – വീൽചെയർ ലഭ്യമായില്ല. | 3-9 |
| 23 | അഗതി – ആശ്രയ – സേവന പാക്കേജുകൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നില്ല. | 3-10 |
| 24 | പൂരക പോഷകാഹാരം – സ്റ്റോക്കിൽ കുറവ് | 3-11 |
| 25 | റവന്യൂ വകുപ്പിന്റെ ചുമതലകൾ പഞ്ചായത്ത് ചെയ്തു – ചെലവഴിച്ച തുക തിരികെ ലഭിച്ചില്ല. | 3-12 |
| 26 | സോളാർ മിനി ഹൈമാസ്റ്റ് ലാമ്പ് വാങ്ങൽ – നടപടിക്രമം പാലിച്ചില്ല. | 3-13 |
| 27 | കേന്ദ്ര ഷിപ്പിംഗ് & നാവിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ലൈറ്റ് ഹൗസിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നു. | 3-14 |
| 28 | തെരുവ് വിളക്കുകളുടെ എണ്ണം നിർണ്ണയിച്ചിട്ടില്ല. | 3-15 |
| 29 | വികസന പ്രവർത്തനങ്ങൾ ബുക്ക് ലെറ്റ് രൂപത്തിൽ പ്രസിദ്ധീകരിച്ചതിന് ക്വട്ടേഷൻ ക്ഷണിച്ചില്ല. | 3-16 |
| 30 | എ.ബി.സി. പ്രോഗ്രാം – ലക്ഷ്യം സാക്ഷാത്ക്കരിച്ചിട്ടില്ല. | 3-17 |
| 31 | പൊതുടാപ്പുകളുടെ എണ്ണം – സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-18 |
| 32 | പഞ്ചായത്തിലെ ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല. | 3-19 |
| 33 | പമ്പ് ഹൗസുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. | 3-20 |
| 34 | മീഡിയാ ശ്രീ – കരാർ ലംഘനത്തിന് തുടർനടപടി സ്വീകരിച്ചില്ല. | 3-21 |

| | | |
|---|---|---|
| 35 | സ്വയംതൊഴിലിന് ഓട്ടോ വാങ്ങൽ – പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ | 3-22 |
| 36 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ – വാങ്ങലിൽ നടപടിക്രമങ്ങൾ പാലിച്ചില്ല. | 3-23 |
| 37 | അഗതി – ആശ്രയ – ഭക്ഷ്യ സാധനങ്ങളുടെ വിതരണം സുതാര്യമല്ല. | 3-24 |
| 38 | രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-25 |
| 39 | വിവാഹധനസഹായം – അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളില്ലാതെയും കാലാവധി കഴിഞ്ഞ അപേക്ഷകളിലും ധനസഹായം നൽകി. | 3-26 |
| 40 | മരുന്ന് വാങ്ങിയതിന് രേഖയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-27 |
| ഭാഗം -4 | | |
| 41 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 18.03.2015തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 40708123 | 37765620 |

എന്നാൽ യഥാർത്ഥ വരവും ചെലവും യഥാക്രമം 26907792/- രൂപയും 43599335/- രൂപയും മാത്രമാണ്. യഥാർത്ഥ പ്രതീക്ഷിത വരവിന്റെ 66% മാത്രമാണ് യഥാർത്ഥ വരവ്. യഥാർത്ഥ ചെലവ് പ്രതീക്ഷിത ചെലവിനേക്കാൾ 58,33,715/- രൂപ കൂടുതലാണ്. ഇതിൽനിന്നും ബജറ്റിൽ വകയിരുത്താത്ത ഇനങ്ങൾക്ക് പണം ചെലവ് ചെയ്തു എന്നാണ് വ്യക്തമാകുന്നത്. ആയതിനാൽ സാധൂകരണം വാങ്ങേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 19.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ

വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27130020 |
| വരവ് | 26907792 |
| ആകെ | 54037812 |
| ചെലവ് | 43599335 |
| നീക്കിയിരിപ്പ് | 10438477 |

അക്കൗണ്ട്സിലെ ന്യൂനതകൾ ഖണ്ഡിക 4-1-ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3744724 | 17248029 | 20992753 | 11314324 | 9678429 | 53.90 |
| വികസനഫണ്ട് എസ്.സി.പി. | 2516695 | 3185000 | 5701695 | 3265804 | 2435891 | 57.28 |
| വികസനഫണ്ട് ടി.എസ്.പി. | 82208 | 112000 | 194208 | 125065 | 69143 | 64.40 |
| സംരക്ഷണഗ്രാന്റ് റോഡ് | 512898 | 1057000 | 1569898 | 946673 | 623225 | 60.30 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3551835 | 3488000 | 7039835 | 3137417 | 3902418 | 44.60 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3990780 | 4508648 | 8499428 | 7371722 | 1127706 | 86.70 |
| പെർഫോമൻസ് ഗ്രാന്റ് | 686298 | 0 | 686298 | 511995 | 174303 | 74.60 |
| എം.ജി. എൻ.ആർ. ഇ. ജി.എസ്. | 116536 | 21215026 | 21331562 | 21329757 | 1805 | 99.99 |
| ബി ഫണ്ട് | 0 | 23366360 | 23366360 | 2336630 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | | ശതമാനം |
| 173 | 59526176 | 86 | 29914309 | 80 | 7 | 49.72 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം (-) 20.9 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3386665 | 2502087 | (-) 884578 | (-) 26.12 |
| നികുതിയേതര വരവുകൾ | 566465 | 640799 | (+) 74334 | (+)13.1 |
| മറ്റ് വരവുകൾ | 61544 | 32360 | (-) 29184 | (-) 47.4 |
| ആകെ | 4014674 | 3175246 | (-) 839428 | (-) 20.9 |

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 630960 | 354 |
| കർഷകതൊഴിലാളി പെൻഷൻ | 2801400 | 297 |
| വിധവാപെൻഷൻ | 6434400 | 697 |
| വാർദ്ധക്യകാലപെൻഷൻ | 9541800 | 1931 |
| വികലാംഗപെൻഷൻ | 2502000 | 265 |
| അവിവാഹിതപെൻഷൻ | 1028800 | 97 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 420000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,687/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ (എം.എസ്) 23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ

സൂക്ഷിച്ചിട്ടില്ല. ടേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ വില, സ്പെസിഫിക്കേഷൻ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.10.2016 മുതൽ 14.10.2016 വരെ | ഏപ്രിൽ 2016 മുതൽ സെപ്റ്റംബർ 2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2006 മുതൽ 15.07.2006 വരെ | 1997-98 മുതൽ 2005-06 വരെ | 21.08.2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യബോർഡുകൾ ഭൗതിക പരിശോധനയിൽ കാണുവാൻ സാധിച്ചു. പരസ്യനികുതി ഈടാക്കുന്നുണ്ടോയെന്നും പരസ്യനികുതി ഈടാക്കുന്നതിനാവശ്യമായ ബൈലോ തയാറാക്കിയിട്ടുണ്ടോയെന്നും അന്വേഷിച്ച് നൽകിയ ഒന്നാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ പരസ്യനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളത്. ധാരാളം പരസ്യങ്ങൾ ഉള്ള പഞ്ചായത്തിൽ പരസ്യനികുതി ഈടാക്കാത്തതുമൂലം ഈ ഇനത്തിൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിനാൽ പരസ്യനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി-അപാകം

എ). 2015-16 അർദ്ധവർഷത്തെ വരുമാന പത്രിക പ്രകാരം ബാങ്ക് ഓഫ് ഇൻഡ്യ, തുറവൂർ ശാഖയിലെ താഴെപ്പറയുന്ന ജീവനക്കാരുടെ പേരിന് നേരേ ഡിമാന്റ് രജിസ്റ്ററിൽ വിമുക്ത ഭടൻ എന്ന് രേഖപ്പെടുത്തി തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. വിമുക്ത ഭടന്മാർക്ക് കെട്ടിട നികുതി ഒടുക്കുന്നതിൽ നിന്നുമാത്രമാണ് ഇളവ് നൽകിയിട്ടുള്ളത്. അതിനാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| പേര് | അർദ്ധവർഷം | വരുമാന പത്രിക പ്രകാരം വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| ആന്റണി കെ. ജെ , സ്പെഷ്യൽ അസിസ്റ്റന്റ് | 2015-16 ഒന്നാം അർദ്ധവർഷം | 259284 | 1250/- |
| ദയാനന്ദ്.എ, ക്ലർക്ക് | 2015-16 ഒന്നാം അർദ്ധവർഷം | 176514 | 1250/- |
| | രണ്ടാം അർദ്ധവർഷം | രേഖപ്പെടുത്തിയിട്ടില്ല | 1250/- (മുൻവർഷത്തെത് അനുസരിച്ചുള്ള നികുതി) |

ബി) തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിൽ കുറവ്

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ജീവനക്കാരന്റെ പേര് വിവരം | വരുമാന പത്രിക പ്രകാരം വരുമാനം | ഈടാക്കേണ്ടുന്ന തൊഴിൽ നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| അനിത എം.കെ, അറ്റൻഡർ വെറ്ററിനറി ഡിസ്പെൻസറി , കുത്തിയതോട് | 128736 ഒന്നാം അർദ്ധവർഷം | 1250/- | 1000/- (രസീത് നം :11501100778/ 06-08-15) | 250 |
| ഗ്രദൗസ്, GDSMD പോസ്റ്റ് ഓഫീസ്, പള്ളിത്തോട് | 75170 രണ്ടാം അർദ്ധവർഷം | 750 | 600 (11501102317/10-03-16) | 150 |
| ആകെ | | | | 400 |

സി) താഴെപ്പറയുന്ന ട്രേഡേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| K.A. ലത്തീഫ്, കൊല്ലയിൽ ഹൗസ്, കൊച്ചി | ചെമ്മീൻ പീലിംഗ് |
| ശ്രീകുമാർ എം.എസ്, മംഗലശ്ശേരി മഠം | ചെമ്മീൻ പീലിംഗ് |
| ഗോപാലകൃഷ്ണ ഷേണായി, ഗീതാ നിവാസ് | തടിമിൽ |

കൂടാതെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 24 അംഗനവാടികളിലെ ഹെൽപ്പർ, വർക്കർ എന്നീ തസ്തികകളിൽ ഓഡിറ്റ് കാലയളവിൽ സേവനമനുഷ്ഠിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും വേതനമിനത്തിൽ കൈപ്പറ്റിയ തുകയ്ക്ക് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽപ്പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നില്ലെങ്കിൽ പഞ്ചായത്തിന് നഷ്ടമായ തുക സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| | |
|---|---|
| 1 | പറയകാട് സർവ്വീസ് സഹകരണ ബാങ്ക് |
| 2 | സരസ്വതി ചിട്ടിഫണ്ട് |

| | |
|---|---|
| 3 | നാഷണൽ ഫിനാൻസിയേഴ്സ് |
| 4 | ഐ.ഐ.എഫ്.എൽ ഫിനാൻസ് |
| 5 | കരുമാഞ്ചേരി ഫിനാൻസിയേഴ്സ് |

മേൽ പറഞ്ഞ സ്ഥാനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഈ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി ഈടാക്കുവാനാവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിൽ പരിധിയിൽ ഏഴോളം മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ആയവയിൽ നിന്ന് വസ്തുനികുതി ഈടാക്കിയതായി കാണുന്നില്ല. പഞ്ചായത്തിലെ മൊബൈൽ ടവറുകൾ അസ്സസ് ചെയ്തിട്ടുണ്ടോയെന്നും, ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഒന്നാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നത്. പഞ്ചായത്തിലെ എല്ലാ മൊബൈൽ ടവറുകളും അസ്സസ് ചെയ്ത് വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ഡി & ഒ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. 2015-16 കാലയളവിൽ അപേക്ഷ സമർപ്പിച്ച 237 പേരിൽ നിന്ന് മാത്രമാണ് ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ ഏകദേശം 600ൽ പരം ചെറുതും വലുതുമായ സ്ഥാപനങ്ങൾ ഉള്ളതിൽ പകുതി സ്ഥാപനങ്ങളിൽ നിന്ന് പോലും ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. ഡി & ഒ ലൈസൻസ് ഫീ ഇനത്തിൽ 56930/- രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതായി വാർഷിക ധനകാര്യപത്രികയിൽ കാണുന്നു. എന്നാൽ യഥാർത്ഥ കളക്ഷൻ 55650/- രൂപയാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിലയൻസ് പെട്രോൾ പമ്പ്, ഹിന്ദുസ്ഥാൻ പെട്രോൾ പമ്പ് എന്നിവയുടെ ലൈസൻസ് 2015-16 കാലയളവിൽ പുതുക്കിയതായി കാണുന്നില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 232-ാം വകുപ്പ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളുടെ പട്ടികയിൽ വരുന്ന സ്ഥാപനങ്ങളാണിത്. മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ 1280/- രൂപ ഡി & ഒ ലൈസൻസ് ഫീ ഇനത്തിൽ കുടിശ്ശികയുള്ളതായും, വളരെ ചുരുങ്ങിയ കാലയളവിൽ മാത്രമാണ് മേൽ പമ്പുകൾ 2015-16 ൽ പ്രവർത്തിച്ചിട്ടുള്ളൂവെന്നും, ആയതിനാലാണ് ലൈസൻസ് ഫീ ഈടാക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്. വാർഡ് തലത്തിലുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് തയാറാക്കി ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി പിരിവിലെ അപാകതകൾ.

കുത്തിയതോട് പഞ്ചായത്തിലെ കെട്ടിടനികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു. വാർഡ് നം. 16 ലെ ശ്രീ. രാജു എന്ന ആൻഡ്രൂസ്, കളത്തിൽ, പള്ളിത്തോട് എന്നയാളുടെ 40 A -ാം നമ്പർ കെട്ടിടം അനധികൃത കെട്ടിടമാണ്. ആയതിന് U/A നമ്പർ നൽകിയിട്ടുകില്ലും ആയതിന് 1994കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 AA പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടതായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടിയും വരുന്ന തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ശ്രീ. ശശി, നായില്ലത്ത് കോളിനി, ഉറവൂർ പി.ഓ,

കുത്തിയതോട് എന്നയാളുടെ IV/171-ാം നമ്പർ കെട്ടിടവും, ശ്രീ.ബാബു, ഇരുമ്പൻ ചിറ എന്നയാളുടെ VIII/71-ാം നമ്പർ കെട്ടിടവും പഞ്ചായത്തിലെ അസ്സസ്സ്മെൻറ് രജിസ്റ്റർ പ്രകാരം കുടിലായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 2003-04 മുതൽ ഈ കെട്ടിടങ്ങൾ വീടാണെന്ന് വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതിൽ നിന്നും വ്യക്തമാണ്. അന്നുമുതൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 9-ാം വാർഡിലെ ഹോട്ടൽ സരളിന്റെ ഓഡിറ്റോറിയം, 14-ാം വാർഡിലെ മൊഹന്തി ഓഡിറ്റോറിയം, സെന്റ് മോണിക്ക ചർച്ചിന്റെ ഹാൾ എന്നീ കെട്ടിടങ്ങൾ നാളിതുവരെയായി കെട്ടിടനികുതി നിർണ്ണയിച്ച് നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കെട്ടിടങ്ങളുടെ നിജസ്ഥിതി അന്വേഷിക്കേണ്ടതും കുടിശ്ശിക വസ്തുനികുതി ഈടാക്കേണ്ടതും ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല.

കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഡിപ്പോസിറ്റുകൾ (കേരള ഫിനാൻഷ്യൽ കോഡ് വോള്യം ഒന്ന് ആർട്ടിക്കൾ 283 പ്രകാരം മൂന്ന് വർഷം കഴിഞ്ഞ ഡിപ്പോസിറ്റുകൾ) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതായി കാണുന്നില്ല

| ക്രമനം | സാമ്പത്തിക വർഷം | ഡിപ്പോസിറ്റ് തുക |
|---|---|---|
| 1 | 1999-2000 | 25000/- |
| 2 | 2000-2001 | 1250/- |
| 3 | 2001-2002 | 3000/- |
| 4 | 2002-03 | 11110/- |
| 5 | 2004-05 | 43100/- |
| 6 | 2005-06 | 27050/- |
| 7 | 2007-08 | 15875/- |
| 8 | 2008-09 | 16800/- |
| 9 | 2009-10 | 4565/- |
| 10 | 2010-11 | 3100/- |
| 11 | 2011-12 | 7200/- |
| 12 | 2012-13 | 9455/- |

| | | |
|---|---|---|
| | ആകെ | 167505/- |

ഇതുസംബന്ധിച്ച് നൽകിയ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ തുകകൾ തനത് വരുമാനത്തിലേക്ക് മാറ്റുന്നതിന് ധനകാര്യസ്ഥിരം സമതിയിലേക്ക് ശുപാർശ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറയുന്നു. മേൽ തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ കെട്ടിടവാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്നവരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കുവാനുള്ളതായി കാണുന്നു.

| ക്രമ നം | വാടകക്കാരന്റെ പേരും വിലാസവും | കുടിശ്ശിക തുക |
|---|---|---|
| 1 | ശ്രീ. പി. പി.തങ്കപ്പൻ, പുത്തൻപുരയിൽ | 1908/- |
| 2 | ശ്രീ. പ്രദീപ്, വേലിയ്ക്കത്ത് | 7776/- |
| 3 | ശ്രീ. ബൈജു, ബൈജു നിവാസ് | 4560/- |
| 4 | ശ്രീ. നവീൻ, ചിത്തിര | 4560/- |
| 5 | ശ്രീ. രാജീവ്, ഇല്ലിക്കൽ | 7788/- |
| 6 | ശ്രീമതി. തസീമ നസീർ, കളത്തിപറമ്പിൽ | 1786/- |
| | ആകെ | 28378/- |

കുടിശ്ശിക തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ശ്രീ. പ്രദീപ്, ശ്രീമതി. തസീമ നസീർ എന്നിവരിൽ നിന്ന് പലിശ സഹിതം വാടകകുടിശ്ശിക ഈടാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവരിൽ നിന്ന് കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 ലേലകുടിശ്ശിക തുക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ മുൻകാലങ്ങളിൽ ലേലം പിടിച്ച ശേഷം കുടിശ്ശിക വരുത്തിയവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു. അവരിൽ നിന്നും കുടിശ്ശിക തുക ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കുടിശ്ശികക്കാരന്റെ പേര് | കുടിശ്ശിക തുക |
|---|---|---|
| 1 | അൻസാർ | 400/- |
| 2 | ബാബു | 21400/- |
| 3 | തിലകൻ | 11000/- |
| 4 | ബിനോയ് | 52700/- |
| | ആകെ | 85500/- |

കുടിശ്ശിക ഈടാക്കാത്തതിനുള്ള കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ പറഞ്ഞ വ്യക്തികളുടെ ഡിപ്പോസിറ്റുകളിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ വ്യക്തികളിൽ നിന്ന് ലേലകുടിശ്ശിക തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 പൈക്ക പദ്ധതി - ലഭിച്ച ഫണ്ട് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

കുത്തിയതോട് ഗ്രാമപഞ്ചായത്തിന് സ്വന്തമായി കളിസ്ഥലം ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളായ തുറവൂർ ടി.ഡി. ഹൈസ്കൂളിന് പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രൗണ്ട് മണ്ണിട്ടുയർത്തുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ 5 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുള്ളതും ഒന്നാം ഗഡുവായി 4 ലക്ഷം രൂപ (ചെക്ക് നം. 857703/30-03-15) അനുവദിച്ചുകിട്ടിയിട്ടുള്ളതുമാണ്. പൈക്ക ഗ്രാന്റുകൾ വിനിയോഗിക്കുന്നത് സംബന്ധിച്ച നിബന്ധനകൾ നം. 2 പ്രകാരം ഗ്രാന്റായി ലഭിക്കുന്ന തുക പൈക്ക സംബന്ധിച്ച വരവു ചെലവു കണക്കുകൾക്കായി പ്രത്യേക സബ്സിഡയറി അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണെന്ന വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുക ആലപ്പുഴ ജില്ല സഹകരണബാങ്ക്, കുത്തിയതോട് ശാഖയിലുള്ള തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പൈക്ക ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ അനുസരിച്ച് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-11 ബിൽഡിംഗ് പെർമിറ്റ്- അപാകതകൾ.

എ) അനധികൃത നിർമ്മാണം

കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിൽ കുത്തിയതോട് വില്ലേജിൽ 5-1-13, 5-1-1, 5/1, 5-1-12 സർവ്വേ നമ്പരിൽ ശ്രീ. സാമുവൽ സോളമൻ, പണിക്കവീട്ടിൽ, റവ. ഫാദർ ബർണാഡ്. എസ്, ജോസഫ് റോയി കളത്തിൽ, പള്ളിത്തോട് എന്നിവർ പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ തീരദേശ പരിപാലന നിയമം, KPBR എന്നിവ ലംഘിച്ചും കടൽഭിത്തിക്ക് നാശം വരുത്തിക്കൊണ്ടും 204 മീറ്റർ നീളത്തിൽ കോമ്പൗണ്ട് വാളും 5 x 3 മീറ്റർ അളവിലുള്ള ഒരു കെട്ടിടവും 2 x 4 മീറ്റർ അളവിൽ നിർമ്മിച്ചിട്ടുള്ള രണ്ട് സെക്യൂരിറ്റി റൂമുകളും നിർമ്മിച്ചിട്ടുണ്ട്. അനധികൃതമായി നടത്തുന്ന നിർമ്മാണം പൊളിച്ചു നീക്കം ചെയ്യുന്നതിന് 05-04-14 ലും 26-05-14 ലും സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സെക്രട്ടറി നൽകിയ നോട്ടീസിന് എതിരെ കെട്ടിട ഉടമ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിൽ നിന്നും 01-11-14 ന് സ്റ്റേ ഉത്തരവ് വാങ്ങി. എന്നാൽ സ്റ്റേ ഉത്തരവ് റദ്ദു ചെയ്യുന്നതിന് വേണ്ട നടപടികൾ ഒന്നും തന്നെ സെക്രട്ടറി സ്വീകരിച്ചില്ല.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചേർത്തല മുൻസിഫ് കോടതി മുമ്പാകെ OS 684/2014 -ാം നമ്പറായി

പരിസ്ഥിതി സാമൂഹിക മേഖലകളിൽ ഇടപെട്ട് പ്രവർത്തിച്ച വരുന്നവർ നൽകിയ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ടി കേസുമായി ബന്ധപ്പെട്ട് കുത്തിയതോട് വില്ലേജ് ഓഫീസർ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ഇതിൻ മേൽ സൂചിപ്പിച്ച സർവ്വേ നമ്പർ, കൂടാതെ 3/4 എന്നിവയിൽപ്പെട്ട സ്ഥലത്ത് പഞ്ചായത്ത് തോട് നികത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സത്യവാങ്മൂലത്തിൽ പറയുന്നു. കൂടാതെ കാലാകാലങ്ങളായി പലരും ഇപ്രകാരം തോട് നികത്തിയിട്ടുള്ളതായും കാണാൻ കഴിഞ്ഞുവെന്ന് ബോധിപ്പിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് വക തോട് കൈയ്യേറി നികത്തിയിട്ട് ഗ്രാമപഞ്ചായത്ത് അറിയാതെപോയതും ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ റിസോർട്ട് നിർമ്മിക്കുന്നതിനായി നിയമലംഘനം നടത്തി മേൽപ്പറഞ്ഞ വിധം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് അറിയാതെപോയതും ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുള്ള ഗുരുതര വീഴ്ചയാണ്.
റിസോർട്ട് പൊളിച്ച നീക്കുന്നതിന് ബഹു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഭാഗീകമായി പൊളിച്ച നീക്കം ചെയ്യുകയും, ടി അവസ്ഥയിൽ സ്ഥിതി ചെയ്യുന്നതായും, ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതായും അറിയിച്ചിട്ടുണ്ട്. കേസിന്റെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

ബി) കബീർ. സി. എച്ച്, വളവൻചിറ, കുത്തിയതോട് പി.ഒ

181.28 $m^2$ വിസ്തീർണം വരുന്ന കെട്ടിടം (വീട്) നിർമ്മിക്കുന്നതിന് പെർമിറ്റിനു വേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൻമേൽ LSGD ഓവർസീയർ നടത്തിയ പരിശോധനയിൽ പെർമിറ്റ് എടുക്കാതെയാണ് ഗ്രൗണ്ട് ഫ്ലോർ പണികഴിച്ചിട്ടുള്ളതെന്നും ഇതിനാൽ ഗ്രൗണ്ട് ഫ്ലോർ ക്രമവൽക്കരിച്ച് ഫീസ് ഈടാക്കുകയും ഫസ്റ്റ് ഫ്ലോറിന് പെർമിറ്റ് അനുവദിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഈടാക്കേണ്ടുന്ന പെർമിറ്റ് ഫീസ് ചുവടെ കൊടുക്കുന്നു.

ഗ്രൗണ്ട് ഫ്ലോർ – 99.23 $M^2$ @ 3 x 2 = 595.38

ഫസ്റ്റ് ഫ്ലോർ – 82.05 $M^2$ @ 3 = 246.15

ആകെ = 841.53 (842/-)

ഈടാക്കിയത് 549/-

(രസീത് നമ്പർ 00390/02-06-15, 249/- രൂപ, 00746/31-07-15, 300/- രൂപ)

കുറവു വന്ന 293/- രൂപ ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

സി) P.J മനോജ് , പണിക്കവീട്ടിൽ, ഉറവൂർ പി.ഒ

109.91 $M^2$ പ്ലിന്ത് ഏരിയ വരുന്ന വീട് നിർമ്മിക്കുന്നതിന് പെർമിറ്റിനു വേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൻമേൽ LSGD ഓവർസീയർ നടത്തിയ പരിശോധനയിൽ പെർമിറ്റ് എടുക്കാതെയാണ് ഗ്രൗണ്ട് ഫ്ലോർ സ്ട്രക്ചർ വരെ പണിതീർത്തിട്ടുള്ളതിനാൽ പെർമിറ്റ് നൽകാൻ സാധിക്കുന്നില്ലെന്നും, KPBR പ്രകാരമാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതായിരുന്നു. ക്രമവൽക്കരണ ഫീസ് ഈടാക്കുകയോ, നാളിതുവരെ കെട്ടിട നികുതി ചുമത്തുകയോ ചെയ്തിട്ടില്ല. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-12 നിർജ്ജീവ അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല.

കുത്തിയതോട് ട്രഷറിയിലെ TPA A/c 113-ാം നമ്പർ അക്കൗണ്ടും പറയകാട് സർവീസ് സഹകരണബാങ്കിലെ 3145-ാം നമ്പർ അക്കൗണ്ടും നിർജ്ജീവ അക്കൗണ്ടുകളായി ഇപ്പോഴും തുടരുകയാണ്. ആയത് അവസാനിപ്പിച്ച് ബാലൻസ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ടി അക്കൗണ്ടുകൾ അടിയന്തിരമായി ക്ലോസ്സ് ചെയ്യും എന്നറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡി.ജി.എസ് & ഡി. റേറ്റിലധികരിച്ച് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങിയതു മൂലം അധിക ചെലവ്.

പഞ്ചായത്ത് കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഒരു സെർവ്വറും 5 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകളും കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. : 156/16 (പഞ്ചായത്ത് ഓഫീസിലേയ്ക്ക് സെർവർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ )

അടങ്കൽ : 4,00,000/-( വി.ഫ.-157276; ത.ഫ- 242724)

ചെലവ് : 3,68,500/-
1) ഡി.ഡി. നം. 196970/30.12.15- 2,25,000/-)
2) ഡി.ഡി. നം. 196970/30.12.15- 1,43,500/-)

കെൽട്രോണിന്റെ 08.10.2015-ലെ പ്രോഫോർമ ഇൻവോയ്സ് പ്രകാരം സെർവർ കമ്പ്യൂട്ടറിന്റെ വില 1,43,500/- രൂപയും ഡെസ്ക് ടോപ് കമ്പ്യൂട്ടറിന്റെ യൂണിറ്റ് വില 45,000/- രൂപയുമാണ്. (നികുതിയടക്കം).

ജി.ഒ.(പി.) നം. 1/2006/എസ്.പി.ഡി. തീയതി: 02.02.2006 ഉത്തരവ് പ്രകാരം പഞ്ചായത്ത് ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ/ അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ 50% ത്തിൽ കൂടുതലാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഇവിടെ കെൽട്രോൺ സപ്ലൈ ചെയ്ത കമ്പ്യൂട്ടറുകൾ കെൽട്രോൺ നിർമ്മിക്കാത്ത/ അസംബിൾ ചെയ്യാത്തവയാണെന്ന് കാണുന്നു. (Acer Veriton M200 H81 with Intel core i3 4130 processor - 5 Nos ; HP ML 310e Tower Server, Intel Xeon E3 1220v3 (31. GHz/4-core/8MB Smart Cache) Processor - 1 No.). ആയതിനാൽ ടെണ്ടർ ക്ഷണിക്കാതിരുന്നത് ക്രമവിരുദ്ധമാണ്.

25.06.2007-ലെ ജി.ഒ.(എം.എസ്.)168/2007/തസ്വഭവ നം. ഉത്തരവ് പ്രകാരം ഡി.ജി.എസ് & ഡിയുടെ അംഗീകാരമുള്ള വെണ്ടർമാരിൽ നിന്നും ഡി.ജി.എസ്.& ഡി. നിരക്കിൽ കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും 3 വർഷ വാറന്റിയിൽ വാങ്ങാമെന്നും പിന്നീട് എ.എം.സി. 4% നിരക്കിൽ കരാറിലേർപ്പെടണമെന്നും നിർദ്ദേശിക്കുന്നു. കൂടാതെ 31.03.2012-ലെ ജി.ഒ.(ആർ.ടി)നം. 1024/2012/തസ്വഭവ നം. സർക്കാർ ഉത്തരവ് പ്രകാരം കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങാമെങ്കിലും ആയത് ഡി.ജി.എസ് & ഡി. റേറ്റിനേക്കാളും താഴ്ന്ന നിരക്കിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

24.03.15—ലെ ഡി.ജി.എസ്. & ഡി. റേറ്റ് കോൺട്രാക്റ്റ് നം. Computers/ IT-1/ RC-71090000/ 1215/ 81/ F0417/ 4547 ഉത്തരവ് ക്രമ നം. 29 പ്രകാരം ഇതേ സ്പെസിഫിക്കേഷനുള്ള കമ്പ്യൂട്ടറിന് (ACER Veriton Desktop Computer M200 (with preloaded OPERATING SYSTEM) Configuration: Intel Core i3, Operating System: Microsoft Windows 8, Chipset: H8 Series) 31266/- രൂപയാണ്. (നികുതിയടക്കം 32,830/- രൂപ).

13.07.2015-ലെ ഡി.ജി.എസ്. & ഡി. Rate Contract No.:-SERVERS/ IT-1/ RC-710A0000/ 0815/ 81/ OC041/ 4595 (For the Supply of Servers ) ഉത്തരവ് ക്രമ നം. 1 പ്രകാരം ഇതേ സ്പെസിഫിക്കേഷനുള്ള (HP/ML310eG Server, One Processor en8, Processor: Intel Xeon Quad core, Configuration: Tower) സെർവർ കമ്പ്യൂട്ടറിന്റെ വില 71035/- രൂപയാണ് . നികുതിയടക്കം വില 74587/- രൂപ.

ഡി.ജി.എസ്. & ഡി റേറ്റ് പ്രകാരം നൽകേണ്ടിയിരുന്ന തുക

| | | |
|---|---|---|
| 1. | സെർവർ കമ്പ്യൂട്ടർ | 74,587/- രൂപ. |
| 2. | ഡെസ്ക് ടോപ് കമ്പ്യൂട്ടർ – 5 x 32830 | 1,64,150/- |
| | ആകെ തുക | 2,38,737/- രൂപ. |

കമ്പ്യൂട്ടറുകൾക്കായി കെൽട്രോണിന് നൽകിയ തുക

| | | |
|---|---|---|
| 1) | സെർവർ കമ്പ്യൂട്ടർ | 1,43,500/- രൂപ. |
| 2) | ഡെസ്ക് ടോപ് കമ്പ്യൂട്ടർ- 5x 45000 | 2,25,000/- |
| | ആകെ തുക | 3,68,500/- രൂപ. |

ടി വിഷയത്തിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/25.11.16 ന ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവ് നം. 1838/2012/തസ്വഭവ തീയതി : 03.07.12 പ്രകാരം കെൽട്രോൺ മുഖാന്തിരമേ കമ്പ്യൂട്ടർ വാങ്ങാവൂ എന്ന് സർക്കാർ നിർദ്ദേശ പ്രകാരമാണ് വാങ്ങിയതെന്ന് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവിലെ ക്രമ നം. 7-ൽ ഡി.ജി. എസ്. & ഡി. റേറ്റിനേക്കാളും കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ആയതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല.

ഡി.ജി.എസ്. & ഡി. റേറ്റിനേക്കാളും കൂടിയ നിരക്കിൽ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങിയതു മൂലം 1,29,763/- രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്. അധിക തുക കെൽട്രോണിൽ നിന്നും തിരികെ ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അധികച്ചെലവ് 1,29,763/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 പൊതു ശ്മശാനം -മുൻകൂർ കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും നവീകരണം നടന്നില്ല.

പ്രോജക്ട് നമ്പർ -- S0140/16

കരാർ നമ്പർ -- 02 /AE / LSGD /KTD / 2015-16

ചെലവു വിവരം -- ഡി.ഡി. നമ്പർ 195543/01-10-15

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ശ്മശാനം നവീകരിച്ച് ഗ്യാസ് ക്രിമിറ്റോറിയം ആക്കി ഉയർത്തുന്നതിന് 39 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. . COSTFORD തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ശ്മശാനത്തിന്റെ നിർമ്മാണച്ചെലവ് 39 ലക്ഷം രൂപയാണ്. ഇതിൽ സംസ്ഥാനാവിഷ്കൃതമായി 37 ലക്ഷവും തനതുഫണ്ടിനത്തിൽ 2 ലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഗവൺമെന്റിൽ നിന്നും 20 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നതെങ്കിലും ആയത് നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. പ്രോജക്ടിൽ വകയിരുത്തിയിരിക്കുന്ന സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെ ബാക്കി 17 ലക്ഷം രൂപ കൂടി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് അഭ്യർത്ഥിക്കുന്നതിന് 09-07-15 ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്.

39 ലക്ഷം രൂപയ്ക്ക് ശ്മശാനം നിർമ്മിക്കുന്നതിന് LSGD അസിസ്റ്റന്റ് എഞ്ചിനിയർ 29-07-15 ൽ COSTFORD മായി കരാർ വെച്ചിട്ടുണ്ട്. ഇതനുസരിച്ച് 31-07-15 ൽ സ്ഥലം costford ന് കൈമാറിയിട്ടുണ്ട്. 5-ാം നമ്പർ വ്യവസ്ഥ പ്രകാരം അടങ്കൽ തുകയുടെ 20% മുൻകൂറായി നൽകേണ്ടതുണ്ട്. 22-09-15 ലെ I(i) നമ്പർ തീരുമാന പ്രകാരം

സർക്കാരിൽ നിന്നും ഫണ്ട് അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യാം എന്നാം വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും 7.8 ലക്ഷം രൂപ COSTFORD ന് നൽകിയിട്ടുണ്ട്.

കരാറിലെ 12-ാം നമ്പർ വ്യവസ്ഥ പ്രകാരം 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ തുക കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കുകപോലും ചെയ്തിട്ടില്ല. 12-06-16 ൽ LSGD അസിസ്റ്റന്റ് എഞ്ചിനിയർ തുക പലിശ സഹിതം തിരികെ ഒടുക്കാൻ കത്ത് നൽകിയതിന് സ്ഥാപനം നൽകിയ മറുപടി ചുവടെ കൊടുക്കുന്നു.

സ്ഥലത്തുണ്ടായ വെള്ളക്കെട്ടാണ് നിർമ്മാണം തുടങ്ങാതിരിക്കാനുള്ള കാരണമെന്നും എത്രയും പെട്ടെന്ന് സ്ഥലം ശരിയാക്കി നിർമ്മാണം തുടങ്ങുമെന്നും അറിയിച്ചിട്ടുണ്ട്.

31-07-15 ൽ സൈറ്റ് സ്ഥാപനത്തിന് കൈമാറിയിട്ടും വെള്ളക്കെട്ട് പരിഹരിച്ച് നിർമ്മാണം ആരംഭിക്കാതിരുന്നത് കരാർ വ്യവസ്ഥ 12 ന്റെ ലംഘനമാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ നഷ്ടപരിഹാരം ഈടാക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യാതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുള്ള വീഴ്ചയാണ്. ആയതിനാൽ പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പൊതു സ്ഥാപനം എന്ന നിലയിൽ കോസ്റ്റ്ഫോർഡിൽ നിന്നും വന്ന കരാർ ലംഘനം സർക്കാരിനെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-3 <u>പൈക്ക പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല</u>

പൈക്ക പദ്ധതി (S0175/16)

കൺവീനർ – നന്ദകുമാർ, ഹെഡ്മാസ്റ്റർ, TDHS, തുറവൂർ

ചെലവു വിവരം – ഡി.ഡി നം 196646/23-12-15

കുത്തിയതോട് ഗ്രാമപഞ്ചായത്തിന് സ്വന്തമായി കളിസ്ഥലം ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളായ തുറവൂർ ടി.ഡി. ഹൈസ്കൂളിന് പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രൗണ്ട് മണ്ണിട്ടുയർത്തുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിൽ 5 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുള്ളതും ഒന്നാം ഗഡുവായി 4 ലക്ഷം രൂപ (ചെക്ക് നം 857703/30-03-15) അനുവദിച്ചുകിട്ടിയിട്ടുള്ളതുമാണ്. ഫണ്ട് യൂട്ടിലൈസേഷൻ കമ്മിറ്റി കൺവീനറും ചെയർമാനും അഡ്വാൻസ് തുക ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ കൺവീനറുടെ പേരിൽ നൽകിയിട്ടുണ്ട്. 30-01-16 ൽ ഇനിഷ്യൽ ലെവൽസ് എടുത്ത് 10-02-16 ൽ സി.ടി.ഇ യ്ക്ക് റിപ്പോർട്ട് ചെയ്തതായി LF Book 3/15-16 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർ പ്രവർത്തികൾ ഒന്നും തന്നെ ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പല പ്രാവശ്യം നോട്ടീസ് നൽകിയിട്ടും പ്രവൃത്തി നടപ്പാക്കാതെ വന്നതിനാൽ കൈപ്പറ്റിയ തുക തിരികെ ഒടുക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീയാക്കാതെ പദ്ധതി ഉപേക്ഷിച്ചാൽ ഗ്രാമപഞ്ചായത്തിന് പൈക്ക പദ്ധതിയിൽ ലഭിച്ച 4 ലക്ഷം രൂപയും നിബന്ധന പ്രകാരം പലിശ സഹിതം ഒടുക്കേണ്ടി വരും. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻകൂർ നൽകിയ ഒരു ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ടി.ഡി കിഴക്കേനട കലുങ്ക് നിർമ്മാണം - കൺവീനർ വാങ്ങിയതിനേക്കാൾ കൂടുതൽ 12mm കമ്പിയുടെ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു.

ടി.ഡി കിഴക്കേനട കലുങ്ക് നിർമ്മാണം.(S0038/16)

കൺവീനർ – സരസമ്മ തിലകൻ

അളവു പുസ്തകം – 19/15-16, 284315/- രൂപ

ചെലവു വിവരം – ബിൽ നം. 59/31.03.16

15-ാം വാർഡിൽ ടി. ഡി അമ്പലത്തിന്റെ കിഴക്കേ നടയിലെ റോഡ് ക്രോസ് ചെയ്ത് ഒരു കോൺക്രീറ്റ് കാന നിർമ്മിക്കുന്നതിന് പ്രോജക്ട് ലക്ഷ്യമിടുന്നു. ടി പ്രവർത്തിയിൽ റീ ഇൻഫോഴ്സ്മെന്റിനായി കൺവീനർ താഴെപ്പറയും വിധമാണ് കമ്പി വാങ്ങിയിരിക്കുന്നത്.

| സ്ഥാപനം | ബിൽ നം | 8mm (Kg) | 10mm( Kg) | 12mm (Kg) |
|---|---|---|---|---|
| ശ്രീനിവാസ ട്രേഡേഴ്സ് | 12960/08-03-16 | 85 | 117.2 | 465 |
| തോലാട്ട് സിമന്റ്സ് | A11714/15-03-16 | _ | _ | 42.6 |
| “ | A11548/11-03-16 | 84.8 | __ | ____ |
| “ | A11590/12-03-16 | 56.5 | 14.4 | ___ |
| “ | A11582/12-03-16 | 299 | 7 | ___ |
| ആകെ | | 525.30 | 138.60 | 507.6 |

എന്നാൽ അളവു പുസ്തകം 19/15-16 പ്രകാരം പ്രവർത്തിക്ക് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്ന കമ്പിയുടെ അളവ് താഴെപ്പറയും പ്രകാരമാണ്.

10 mm ----143.08 kg

12mm ---- 829.792 kg

കൺവീനർ 12 mm സ്പെസിഫിക്കേഷനിലുള്ള കമ്പി 507.6 kg മാത്രം വാങ്ങിയിട്ടുള്ളപ്പോൾ 829.792 kg കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, കൺവീനർ സമർപ്പിച്ച ബില്ല് യഥാവിധം പരിശോധിക്കാൻ സാധിച്ചില്ലെന്നും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയത് പ്രകാരം പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുണ്ടെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയിട്ടുള്ളത്.

എന്നാൽ ഗുണഭോക്തൃസമിതി ചെലവു കണക്കുകൾ അവതരിപ്പിച്ചപ്പോൾ മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരമുള്ള തുകയാണ് അംഗീകരിച്ചിട്ടുള്ളത്. അതിനാൽ 8 mm കമ്പി ഉപയോഗിച്ചു. 12mm കമ്പിയായി രേഖപ്പെടുത്തി തുക അനുവദിക്കാനിടയായി എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഇതു വഴി അധിക തുക നൽകാനിടയായി. റീ ഇൻഫോഴ്സ്മെന്റിനുള്ള അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| അളവു പുസ്തകം പേജ് നമ്പർ 3, 6, 10 | 12 mm കമ്പി | 944.60 മീ x 0.878 | 829.36 kg |

| | | | |
|---|---|---|---|
| അളവ് പുസ്തകം പേജ് നമ്പർ 10 | 10mm കമ്പി | 234.95 മീ x 0.609 | 143.08 kg |
| ആകെ | | 1179.55 മീറ്റർ | 972.44 kg |

972.44 kg കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 960.96 കിലോയിൽ ക്ലിപ്തപ്പെടുത്തിയാണ് തുക അനുവദിച്ചിരിക്കുന്നത്.

കൺവീനർ വാങ്ങിയ 10mm, 12mm കമ്പിയുടെ അളവ് അനുസരിച്ച് വരുന്ന നീളം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 10mm | 138.60 / 0.609 | 227.60 മീറ്റർ |
| 12mm | 507.6 / 0.878 | 578 മീറ്റർ |
| | ആകെ | 805.6 മീറ്റർ |

എന്നാൽ അളവ് പുസ്തകത്തിൽ 1179.55 മീറ്റർ നീളത്തിൽ കമ്പി ഉപയോഗിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും 8 mm കമ്പി ഉപയോഗിച്ചത് 12mm കമ്പിയായി രേഖപ്പെടുത്തിയെന്ന് മനസ്സിലാക്കാം.

| | | |
|---|---|---|
| 8mm കമ്പി ഉപയോഗിച്ച നീളം | 1179.55 -805.60 | 373.95 മീറ്റർ |
| 373.95 മീറ്റർ 8mm കമ്പിയുടെ ഭാരം | 373.95 x 0.395 | 147.70 kg |
| അതിനാൽ കൺവീനറുടെ കണക്കുകൾ പ്രകാരം റീഇൻഫോഴ്സ്മെന്റിന് അനുവദിക്കാവുന്ന തുക | | |
| | 10mm | 138.60 kg |
| | 12 mm | 507.60 kg |
| | 8mm | 147.70 kg (ഉപയോഗിച്ച അളവ് മാത്രം) |
| | ആകെ | 793.90 kg<br>======= |
| അനുവദിച്ചത് | 960.96 kg @86.29 | |
| അധികം | 960.96 – 793.90 | 167.06 kg |
| അധികം നൽകിയ തുക | 167.06 x 86.29 | 14424/- രൂപ |

ടി തുക അളവു രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 ടാറിംഗിന് 6mm മെറ്റൽ അളവ് കൂടുതൽ അനുവദിച്ചു.

പ്രവൃത്തി – SCB 2869 മുതൽ അംഗൻവാടി കിഴക്കുവശം വരെ റോഡ് മെറ്റലിംഗ് & ടാറിംഗ് വാർഡ് -13

പ്രോജക്ട് നം – S0113/16

കൺവീനർ – ബിജു പി വി, നികർത്തിൽ

അളവു പുസ്തകം – 740/15

ചെലവു വിവരം - ഫൈനൽ ബിൽ 56/31-03-16 രൂപ 146388/-

പ്രസ്തുത പ്രവൃത്തിയിൽ 10 -ാം ഇനമായി 540 $m^2$ വിസ്തീർണത്തിൽ ടാർ ചെയ്തിട്ടുണ്ട് .ടി അളവിൽ ടാർ

ചെയ്യുന്നതിന് ആവശ്യമായ 6mm മെറ്റലിന്റെ അളവ് ചുവടെ കൊടുക്കുന്നു.

$540 \times 0.009 = 4.86\ m^3$

എന്നാൽ 6mm മെറ്റൽ 8.28 $m^3$ സ്റ്റാക്ക് ചെയ്തതായി കാണിച്ച് 8.1 $m^3$ ൽ ക്ലിപ്തപ്പെടുത്തി 1634/$m^3$ നിരക്കിൽ കൺവീനർക്ക് തുക അനുവദിച്ചിട്ടുണ്ട്.

അധികം നൽകിയ അളവ് – 8.1$m^3$ – 4.86 $m^3$ = 3.24 $m^3$

അധികം നൽകിയ തുക – 3.24 x 1634 =5294/-

ടി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയിട്ടുള്ളത്. ഈടാക്കിയതിന്റെ വിവരം അറിയിക്കുന്നില്ലെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-6 ചാവടി കൊറ്റനാട്ട് -പൊൻപൂറം -മാതാപറമ്പ് റോഡ് ഫോർമേഷൻ (വാർഡ് -2) - അധിക ചെലവ്

പ്രോജക്ട് നം - S0050/16

കൺവീനർ - അബ്ദുൾഖാദർ

അളവു പുസ്തകം -12/15-16

ചെലവു വിവരം - ബിൽ നം 44/29-03-16 രൂപ 219358/-

ടി പ്രവൃത്തിയിൽ 132 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ റോഡ് ഫോം ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ഇതിൽ 20 മീറ്റർ നീളത്തിൽ 600mm വ്യാസമുള്ള RCC പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ശരാശരി 60-70 cm കനത്തിൽ ഗ്രാവൽ ഫില്ല്ചെയ്തതിന് 214.42 $m^3$ ഗ്രാവൽ ഉപയോഗിച്ചിട്ടുണ്ട്. ടി അളവിൽ നിന്നും 10% കൺസോളിഡേഷന് കുറവു വരുത്തി 192.986 $M^3$ അളവിന് 891.18/$m^3$ നിരക്കിൽ കൺവീനർക്ക് തുക അനുവദിച്ചിട്ടുണ്ട്. ഗ്രാവൽ ഫില്ലിംഗ്ചെയ്ത് അളവിൽ നിന്നും പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതിരുന്നത് അധികം നൽകാനിടയാക്കി.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| അളവു പുസ്തകം അനുസരിച്ച് ഉപയോഗിച്ച ഗ്രാവൽ | | 214.42 $m^3$ |
| (-) 10 % കൺസോളിഡേഷൻ | 21.442 | |
| (-) പൈപ്പിന്റെ വ്യാപ്തം (3.14 x 0.30 x0.30 x 20) | 5.652$m^3$ | 27.094 |
| | | 187.326 $m^3$ |
| അധികം 192.986 -187.326 = 5.66 $m^3$ @ 891.18/$m^3$ | = | 5044/- |

കൺവീനർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി നൽകിയിട്ടുള്ളത്. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നില്ലെങ്കിൽ അധിക ചെലവ് അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 3-7 മത്സ്യഭവൻ നടപ്പാത ഫോർമേഷൻ - (വാർഡ് -15) കൺവീനർ ചെയ്ത പ്രവൃത്തിയ്ക്ക് സി. പി. ഉൾപ്പെടെയുള്ള നിരക്ക് അനുവദിച്ചു.

മത്സ്യഭവൻ നടപ്പാത ഫോർമേഷൻ വാർഡ് -15 (S0056/16)

കൺവീനർ – മാത്യു, വലിയവീട്ടിൽ

അളവു പുസ്തകം – 105/15-16

ചെലവു വിവരം – ഫൈനൽ ബിൽ 32/19-03-16, 299941/- രൂപ

മത്സ്യഭവൻ നടപ്പാത കോൺക്രീറ്റ് ചെയ്യുന്നതിനോടൊപ്പം 44 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി കെട്ടുന്നതിനും ലക്ഷ്യമിടുന്നു. പ്രവൃത്തിയുടെ 5-ാം ഇനമായ Random Rubble masonary in cm 1:6 (CPWD 7.1.1) 5.94 $m^3$ ചെയ്തതിന് 5709.06/ $m^3$ നിരക്കിൽ കൺവീനർക്ക് തുക അനുവദിച്ചിട്ടുണ്ട്. ടി നിരക്കിൽ കോൺട്രാക്ടർമാർക്ക് അനുവദിക്കുന്ന സി. പി. യും ഓവർഹെഡ് ചാർജ്ജും 15% ഉൾപ്പെട്ടിട്ടുണ്ട്. കൺവീനർ നടപ്പാക്കുന്ന പ്രവൃത്തിയ്ക്ക് സി. പി. യും, ഓവർഹെഡ് ചാർജ്ജും അനുവദനീയമല്ല. കൺവീനർ ചെയ്ത ടി ഇനത്തിന് അനുവദിക്കാവുന്ന നിരക്ക് 4964.40/$m^3$ ആണ്. നിരക്കിലെ വ്യത്യാസം 744.66/$m^3$ .

കൺവീനർക്ക് അധികം നൽകിയത് - 5.94 x 744.66 = 4423/-

സാങ്കേതിക അനുമതി ലഭിച്ച നിരക്കിലുള്ള തുകയാണ് കൺവീനർക്ക് നൽകിയിട്ടുള്ളതെന്നും സാങ്കേതികതി നൽകുന്നതും നിരക്ക് അംഗീകരിക്കുന്നതും സബ് ഡിവിഷൻ എഞ്ചിനിയർ ആണെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതും നിർവ്വഹണം നടത്തിയതും അസിസ്റ്റന്റ് എഞ്ചിനിയർ ആണ്. അതിനാൽ സി. പി. ഉൾപ്പെടെയുള്ള തുക അനുവദിച്ചതിന്റെ ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനിയർക്കാണ്. ടി തുക കൺവീനറിൽ നിന്നും ഈടാക്കുന്നില്ലെങ്കിൽ അധിക ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 പള്ളിത്തോട് ഹരിജൻ കോളനിക്ക് സൈഡ് കല്ലുകെട്ട് - വാർഡ് -1 - കൺവീനർ ചെയ്ത പ്രവൃത്തിയ്ക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.

പ്രോജക്ട് നം – S0077/16

കൺവീനർ – അർജ്ജുനൻ, നികർത്തിൽ

അളവു പുസ്തകം – 15/15-16

ചെലവു വിവരം – ബിൽ നം. 46/29-03-16, 425926/- രൂപ

പള്ളിത്തോട് ഹരിജൻ കോളനിയിൽ നിലവിലുള്ള വീടുകൾക്ക് വെള്ളക്കെട്ടിൽ നിന്നും സംരക്ഷണം നൽകുന്നതിന് സംരക്ഷണ ഭിത്തി കെട്ടുന്ന പ്രവൃത്തിയിൽ 4-ാം ഇനം Random Rubble masonary in cm 1:6 (CPWD 7.1.1) ആണ്. ടിയിനം17.212 $m^3$ ചെയ്തതിന് 5709.06/ $m^3$ നിരക്കിൽ കൺവീനർക്ക് തുക അനുവദിച്ചിട്ടുണ്ട്. ടി നിരക്കിൽ കോൺട്രാക്ടർമാർ നടപ്പാക്കുന്ന പ്രവൃത്തികൾക്കുള്ള സി. പി. യും ഓവർഹെഡ് ചാർജ്ജും 15% ഉൾപ്പെട്ടിട്ടുണ്ട്. കൺവീനർ ചെയ്യുന്ന പ്രവൃത്തിയ്ക്ക് ആയവ അനുവദനീയമല്ല. കൺവീനർ ചെയ്ത ടി ഇനത്തിന് അനുവദിക്കാവുന്ന നിരക്ക് 4964.40/$m^3$ ആണ്. നിരക്കിലെ വ്യത്യാസം 744.66/$m^3$.

കൺവീനർക്ക് അധികം നൽകിയത് – 17.212 x 744.66 =12817

സാങ്കേതിക അനുമതി ലഭിച്ച നിരക്കിലുള്ള തുകയാണ് കൺവീനർക്ക് നൽകിയിട്ടുള്ളതെന്നും സാങ്കേതികതി നൽകുന്നതും നിരക്ക് അംഗീകരിക്കുന്നതും സബ് ഡിവിഷൻ എഞ്ചിനിയർ ആണെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയർ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതും നിർവ്വഹണം നടത്തിയതും അസിസ്റ്റന്റ് എഞ്ചിനിയർ ആണ്. അതിനാൽ CP ഉൾപ്പെടെയുള്ള തുക അനുവദിച്ചതിന്റെ ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനിയർക്കാണ്. ടി തുക കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 പാലിയേറ്റീവ് കെയർ - വീൽചെയർ ലഭ്യമായില്ല

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, PHC പള്ളിത്തോട്

പ്രോജക്റ്റ് നം – 54/16

ചെലവ് വിവരം – ബിൽ നം. 8/15-16. തീയതി 29.1.16

1. പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ഏഴ് വീൽചെയർ ലഭ്യമാക്കുന്നതിന് KMSC Ltd ന് 29,400/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഇവ ലഭ്യമാക്കിയില്ല. ഇവ ലഭിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
2. ജി.ഒ (ആർ.ടി) 3217/15 LSGD, തീയതി 29-10-15 -ാം നമ്പർ പരിഷ്കരിച്ച പാലിയേറ്റീവ് കെയർ മാർഗ്ഗരേഖപ്രകാരം ഹോംകെയർ ടീമിനുള്ള ഭക്ഷണം 3 പേർക്ക് 60/- രൂപ പ്രകാരം 180/- രൂപ മാത്രമാണ് അനുവദിക്കാവുന്നത്. എന്നാൽ 4 പേർക്ക് ഭക്ഷണം നൽകിയതിനാണ് 300/- രൂപാ വീതം തുക അനുവദിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 അഗതി- ആശ്രയ- സേവന പാക്കേജുകൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നില്ല

2013-16 വർഷത്തേക്ക് ഏറ്റവും അർഹരായ 78 പേരെ 16 വാർഡുകളിൽ നിന്നും കണ്ടെത്തി അഗതി- ആശ്രയ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി 12.09.2013-ലെ V -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം കാണുന്നു. ഇതു കൂടാതെ 2010-ലെ പുനഃപരിശോധനയ്ക്ക് ശേഷം തുടരുന്ന 110 ഗുണഭോക്താക്കൾ ഉൾപ്പടെ ആകെ 188 പേരാണ് കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ അഗതി-ആശ്രയ ഗുണഭോക്താക്കളായുള്ളത്. അന്തിമ ലിസ്റ്റ് പ്രകാരം (2013-ലെ) 78 കുടുംബങ്ങൾക്ക് സേവനം നല്കേണ്ടതുണ്ട്. ഇതിൽ 4 കുടുംബങ്ങൾക്ക് വീടിന് സ്ഥലം, 15 കുടുംബങ്ങൾക്ക് വീട് എന്നിവ ഉൾപ്പെട്ടിരുന്നു.

ജില്ലാ പഞ്ചായത്തിൽ നിന്നും ആശ്രയ ഗുണഭോക്താക്കൾക്കായി ഭവന നിർമ്മാണത്തിന് ലഭിച്ച 10,00,000/- രൂപയും (20.01.2014- ൽ 67258293182-ാം നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക- ചെക്ക് നം. – 19237/12.01.14) 21.07.15-ലെ 961-ാം നമ്പർ ചെക്ക് പ്രകാരം ലഭിച്ച 5,00,000/- രൂപയുമുൾപ്പടെ ആകെ 15 ലക്ഷം രൂപ ലഭിച്ചതിൽ 4,25,000/- രൂപ മാത്രമാണ് ഭവന നിർമ്മാണത്തിനായി ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ടി വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/30.11.16 ന ലഭിച്ച മറുപടിയിൽ 6 ഗുണഭോക്താക്കൾ കരാർ വെച്ചുവെങ്കിലും ടിയാളുകളുടെ സ്വന്തം പേരിൽ സ്ഥലം ഇല്ലാത്തതിനാലാണ് ഫണ്ട് വിനിയോഗിക്കാൻ സാധിക്കാതിരുന്നതെന്നും ഭവന നിർമ്മാണത്തിനായി ലഭിച്ച തുകയിൽ ഇനി 10,75,000/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നതായും വ്യക്തമാക്കുകയുണ്ടായി. ഇത് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. 29.11.2016-ൽ അക്കൗണ്ടിൽ ചലഞ്ച് ഫണ്ട് ഉൾപ്പടെ 13,07,306.21 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. അഗതി-ആശ്രയ സേവന പാക്കേജുകൾ യഥാവിധി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പൂരക പോഷകാഹാരം - സ്റ്റോക്കിൽ കുറവ്

പ്രോജക്റ്റ് നമ്പർ – S004/16

ചെലവ് വിവരം

ഡി.ഡി നം. – 19810/03-03-16, 485125/- രൂപ

ഡി.ഡി നം. – 199185/29-03-16, 230000/- രൂപ

ഡി.ഡി നം. – 19460625-06-15, 290834/- രൂപ

അംഗൻവാടി പൂരക പോഷകാഹാരം എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി സപ്ലൈകോ, ഉറവൂരിൽ നിന്നും ഭക്ഷണസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തപ്പോൾ കുറവു വന്നിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബിൽ നം | ഇനം | വാങ്ങിയ അളവ് (kg) | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തത് ( kg) | വ്യത്യാസം (kg) | വിതരണം ചെയ്യാത്ത സാധനങ്ങളുടെ വില | റിമാർക്സ് |
|---|---|---|---|---|---|---|
| 15738/31-08-15 | എള്ള് | 182 @250 | 179 | 3 | 3 X 250 = 750 | 25-08-15 ൽ വിതരണം ചെയ്തത് |
| 151083/04-01-16 | കപ്പലണ്ടി | 222 kg @162 | 217 | 5 | 5 X 162 =810 | 08-12-15 ൽ വിതരണം ചെയ്തത് |
| ആകെ | | | | | 1560 | |

ടി തുക സപ്ലൈകോ, ഉറവൂർ ശാഖയിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബിൽ തുക നൽകിയ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 റവന്യൂ വകുപ്പിന്റെ ചുമതലകൾ പഞ്ചായത്ത് ചെയ്തു - ചെലവഴിച്ച തുക തിരികെ ലഭിച്ചില്ല

16/01/16ലെ 783-ാം നമ്പർ വൗച്ചർ പ്രകാരം 12800/- രൂപ പള്ളിത്തോട് കടലിന് സമീപം മണൽ ഭിത്തികെട്ടുന്നതിന് കൂലിയിനത്തിലും, ബിസ്മി ട്രേഡേഴ്സിൽ നിന്നും കാലി ചാക്ക് വാങ്ങിയയിനത്തിലും 29/01/2016ലെ 809-ാം നമ്പർ വൗച്ചർ പ്രകാരം 6100/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കടൽതീരസംരക്ഷണം റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്ന വിഷയമാണ്. ആയതിന് പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ചതിന്റെ കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽ തുക റവന്യൂ വകുപ്പിൽ നിന്ന് തിരികെ ലഭിക്കുന്നതിന് ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. മേൽ തുക റവന്യൂ വകുപ്പിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-13 സോളാർ മിനി ഹൈമാസ്റ്റ് ലാമ്പ് വാങ്ങൽ- നടപടിക്രമം പാലിച്ചില്ല.

പഞ്ചായത്ത് പ്രദേശത്തെ ചാവടി ജംഗ്ഷനിൽ മിനി സോളാർ ലാമ്പ് സ്ഥാപിക്കുന്നതിനായുള്ള പ്രോജക്ടാണ് "ചാവടി ജംഗ്ഷനിൽ സോളാർ മിനി ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ". ആയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. :- 82/16

അടങ്കൽ :- 1,00,000/- (വി.ഫ. – 88041; ത.ഫ – 11959)

ചെലവ് :- 98,400/- (ബിൽ നം – 07/15-16, തീ: 20.08.15; ഡി.ഡി. നം. 195381/11.09.15- 10359/-)

കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ (സിഡ്കോ) യിൽ നിന്നുമാണ് 4x12 w Model No. SML 12406A സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റ് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങിയിട്ടുള്ളത്. സിഡ്കോ സോളാർ ഹൈമാസ്റ്റ് ലൈറ്റ് വിതരണം നടത്തുന്നതിനുള്ള അക്രഡിറ്റഡ് എജൻസിയാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല. അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ സ്പെസിഫിക്കേഷനും വിലയുമാണ് സിഡ്കോ ഹാജരാക്കിയിട്ടുള്ളത്. അപാകതയിന്മേൽ വിശദീകരണം ആരാഞ്ഞുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 11/25.11.16) നൽകിയ മറുപടിയിൽ അമ്മിണി

സോളാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ നിരക്കുകളാണ് സിഡ്കോ ക്വാട്ട് ചെയ്തിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടില്ലെന്നും തുടർന്നുള്ള പർച്ചേസുകളിൽ ഇത്തരം കാര്യങ്ങൾ ജാഗ്രതയോടെ കൈകാര്യം ചെയ്തുകൊള്ളാമെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റ് പ്രവർത്തിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വാങ്ങലുകളിൽ സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 കേന്ദ്ര ഷിപ്പിംഗ് & നാവിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ലൈറ്റ് ഹൗസിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നു.

24042-ാം നമ്പർ വൈദ്യുതി കൺസ്യൂമർ നമ്പരായ ചാപ്പക്കടവ് ലൈറ്റ് ഹൗസിന്റെ വൈദ്യുതി ചാർജ്ജ് (വൗച്ചർ നം. 413/ തീ.14/9/2015, 2000/-രൂപ, വൗച്ചർ നം. 522/ തീ. 12/10/15, 2000/-രൂപ, വൗച്ചർ നം. 605/ തീ. 12/11/15, 1616/- രൂപ, വൗച്ചർ നം. 800/ തീ. 28/1/16, 3142/-രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടച്ചിട്ടുണ്ട്. കേന്ദ്ര ഷിപ്പിംഗ് & നാവിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ലൈറ്റ് ഹൗസിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പണം ചെലവഴിക്കുന്നതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കാലകാലങ്ങളായി അടച്ചുവന്നിരുന്നതിൽ ഇപ്പോഴും അടയ്ക്കുന്നു എന്നറിയിച്ചു. ലൈറ്റ് ഹൗസിന്റെ വൈദ്യുതി കണക്ഷൻ ഷിപ്പിംഗ് & നാവിഗേഷൻ മന്ത്രാലയത്തിന് കൈമാറേണ്ടതാണ്.

## 3-15 തെരുവുവിളക്കുകളുടെ എണ്ണം നിർണ്ണയിച്ചിട്ടില്ല

നാഷണൽ ഹൈവേയിലെ മീഡിയനുകളിലെ 6 വൈദ്യുത കണക്ഷനുകൾക്കുള്ള വൈദ്യുതി ചാർജ്ജ് കൂടാതെ മറ്റ് പ്രദേശങ്ങളിലെ തെരുവുവിളക്കുകൾക്ക് വേണ്ടി പ്രതിമാസം 63177/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ തനത് ഫണ്ടിൽ നിന്ന് അടയ്ക്കുന്നുണ്ട്. തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തിയിട്ടുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സംയുക്തപരിശോധന നടത്തിയതുപ്രകാരമാണ് മേൽ തുക അടയ്ക്കുന്നത് എന്ന് പറയുന്നുണ്ടെങ്കിലും എണ്ണം നിശ്ചയിച്ചതായി പറയുന്നില്ല. തെരുവുവിളക്കുകളുടെ എണ്ണം കൃത്യമായി നിശ്ചയിച്ച് അതിന് ആനുപാതികമായുള്ള കറണ്ട് ചാർജ് നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 വികസനപ്രവർത്തനങ്ങൾ ബുക്കലെറ്റ് രൂപത്തിൽ പ്രസിദ്ധീകരിച്ചതിന് ക്വട്ടേഷൻ ക്ഷണിച്ചില്ല

11.11.2015 ലെ വൗച്ചർ നം. 595 പ്രകാരം 2010-11 മുതൽ 2015-16 വരെയുള്ള കാലയളവിലെ വികസനപ്രവർത്തനങ്ങൾ ബുക്ക് രൂപത്തിൽ 5000 കോപ്പി പ്രിന്റ് ചെയ്തതിന് 21800/- രൂപ ഹരിതാ ഓഫ്സെറ്റ് പ്രസ്സിന് നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിലേയും അതാത് വർഷങ്ങളിലെ വികസനപ്രവർത്തനങ്ങൾ പദ്ധതിരേഖയിലൂടെയും മറ്റും ജനങ്ങളിൽ എത്തുന്നുണ്ട്. ആയത് ബുക്ക് രൂപത്തിൽ വീണ്ടും പ്രിന്റ് ചെയ്തതിന്റെ കാരണം വിശദീകരിക്കണമെന്നും, കൂടാതെ ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ 16-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ആകാലയളവിൽ പ്രിന്റിംഗ് പ്രവർത്തികൾ ചെയ്തുവന്ന ഹരിത പ്രസ്സിനെ ഏൽപ്പിച്ചത്. 15000/- രൂപയ്ക്ക് മുകളിലുള്ള പ്രവർത്തികൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.ആയതിനാൽ ക്വട്ടേഷൻ ക്ഷണിക്കാതെ ചെയ്ത മേൽ പ്രവർത്തിക്ക് ചെലവെഴിച്ച 21800/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 എ.ബി.സി.പ്രോഗ്രാം-ലക്ഷ്യം സാക്ഷാത്ക്കരിച്ചിട്ടില്ല

പ്രോജക്ട് നം. : 190/16

(തെരുവ് നായ നിയന്ത്രണവും സംരക്ഷണവും-മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയ്ക്ക് ധനസഹായം)

അടങ്കൽ : 2,00,000/- ( വി.ഫ.-1 ലക്ഷം; ത.ഫ- 1ലക്ഷം)

ചെലവ് : 1,00,000/- (ബിൽ നം- 17/15-16, തീ:19.02.16)

ആനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പാക്കുന്നതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടു കൂടി മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ ആലപ്പുഴ, ചേർത്തല, ഹരിപ്പാട്, ചെങ്ങന്നൂർ, മാവേലിക്കര എന്നീ പോളി ക്ലിനിക്കുകളെ തെരഞ്ഞെടുത്തതായും മറ്റുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തെരുവ് നായ്ക്കളെ പിടിച്ച് വന്ധീകരിച്ച് അതാത് പ്രദേശങ്ങളിൽ തിരികെ വിടുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതുമാണ് എന്നും ആയതിലേയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം നൽകണമെന്നുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ അഭ്യർത്ഥനയിന്മേൽ പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും 1 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറി പേർക്ക് നൽകിയിട്ടുണ്ട്.

ടി വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/25.11.2016) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് പ്രദേശത്തുള്ള നായ്ക്കളിൽ വന്ധ്യംകരണം നടത്തുന്ന പരിപാടി ആരംഭിച്ചിട്ടില്ലായെന്നും പ്രോജക്ട് ആരംഭിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞതായും വ്യക്തമാക്കുകയുണ്ടായി.

എ.ബി.സി. പ്രോഗ്രാം പൂർത്തിയാക്കി ആയതിന്റെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുക 1 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 പൊതുടാപ്പുകളുടെ എണ്ണം-സംയുക്തപരിശോധന നടത്തിയിട്ടില്ല

22/5/2015ലെ 39-ാം വൗച്ചർ പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 1,00,625/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. പ്രതിമാസം വെള്ളക്കരമിനത്തിൽ ഇത്രയും തുക തനത് ഫണ്ടിൽ നിന്ന് പഞ്ചായത്ത് ചെലവൊഴിക്കുന്നുണ്ട്. പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടുണ്ടോയെന്ന് 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സംയുക്തപരിശോധനയ്ക്ക് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. പൊതു ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കി, അതിനനുസരിച്ച് വെള്ളക്കരം അടയ്ക്കേണ്ടതാണ്.

## 3-19 പഞ്ചായത്തിലെ ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല

2015 മെയ് മാസത്തിലെ 36-ാം വൗച്ചർ പ്രകാരം 20/4/2015ൽ 1300/- രൂപയും, 16/7/15ലെ 231-ാം വൗച്ചർ പ്രകാരം 1046/-രൂപയും 9/10/15ലെ 51-ാം നമ്പർ വൗച്ചർ പ്രകാരം 2000/- രൂപയും 21/2/2016 ലെ 886-ാം നമ്പർ വൗച്ചർ പ്രകാരം 2438/- രൂപയും പഞ്ചായത്തിലെ ജനറേറ്ററിന് വേണ്ടി ഡീസൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ജനറേറ്ററിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അടിയന്തിരമായി ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്നറിച്ചിട്ടുണ്ട്. ലോഗ്ബുക്ക് കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-20 പമ്പ് ഹൗസുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

വൈദ്യുതി കൺസ്യൂമർ നമ്പരുകളായ 9852, 9853 എന്നിവ പമ്പ് ഹൗസുകളുടേതാണ്. ഈ പമ്പ് ഹൗസുകൾ ഗുണഭോക്തൃ സമതികൾക്ക് കൈമാറിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പമ്പ് ഹൗസുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും, അടിസ്ഥാന വൈദ്യുത ചാർജ്ജാണ് അടയ്ക്കുന്നത് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. പമ്പ് ഹൗസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഗുണഭോക്തൃ സമതികൾക്ക് പമ്പ് ഹൗസ് കൈമാറേണ്ടതാണ്.

## 3-21 മീഡിയാശ്രീ- കരാർ ലംഘനത്തിന് തുടർ നടപടി സ്വീകരിച്ചില്ല.

പ്രോജക്ട് നം. : 170/16(മീഡിയാശ്രീ)

അടങ്കൽ : 65,000/- (വികസന ഫണ്ട് – 1 ലക്ഷം; തനത് ഫണ്ട് - 1ലക്ഷം)

ചെലവ് : 65,000/- (ബിൽ നം - 09/15-16 തീ:26.08.15)

ഗ്രാമപഞ്ചായത്തിന്റെ ചരിത്രം, വർത്തമാനം, വികസന പ്രവർത്തനം, മറ്റു പ്രസക്ത വിവരങ്ങൾ എന്നിവയെ ആധാരമാക്കിയുള്ള വീഡിയോ ഡോക്യുമെന്റേഷൻ നിർമ്മിക്കുന്നതിനായി കുടുംബ ശ്രീ സംസ്ഥാന മിഷനു തുക നൽകുന്നതിനായുള്ള പ്രോജക്റ്റാണ് മീഡിയാശ്രീ. വിശദാംശം താഴെ കൊടുക്കുന്നു.

പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും കുടംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും 28.09.2015-ൽ ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം വീഡിയോ ഡോക്യുമെന്റേഷന്റെ 10 പകർപ്പുകൾ 60 ദിവസത്തിനകം പഞ്ചായത്തിന് കൈമാറണമെന്നുണ്ട്. പഞ്ചായത്തു നൽകേണ്ട തിരക്കഥാ രൂപരേഖ കുടംബശ്രീ മിഷനു പഞ്ചായത്ത് കൈമാറിയെങ്കിലും ഡോക്യുമെന്റേഷന്റെ പകർപ്പുകൾ ലഭിച്ചിട്ടില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 21/29.11.2016) മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. കരാർ പ്രകാരം ലഭ്യമാക്കേണ്ടിയിരുന്ന വീഡിയോ ഡോക്യുമെന്റേഷന്റെ പകർപ്പുകൾ നാളിതു വരെയായിട്ടും കുടംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. പകർപ്പുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 സ്വയം തൊഴിലിന് ഓട്ടോ വാങ്ങൽ- പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ.

എസ്. സി. വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിലിനായി ഓട്ടോ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന പ്രോജക്റ്റാണ് "സ്വയം തൊഴിലിന് ഓട്ടോ വാങ്ങൽ -എസ്.സി. ( പ്രോജക്റ്റ് നം. : 103/16)"

നിർവ്വഹണം :- അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ :- 5,85,000/- (വികസന ഫണ്ട്-1,50,000/-; മറ്റുള്ളവ- 4,35,000/-)

ചെലവ് :- 1,50,000/- (ബിൽ നം- 02/15-16 തീ:14.07.15-1,00,000/-)

ബിൽ നം. :- 03/15-16 തീ:14.07.15-50,000/-)

ഓട്ടോ വാങ്ങുന്നതിനായി ബാക്ക് എൻഡ് സബ്സിഡിയായി 3 ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം നൽകിയിട്ടുണ്ട്. ടി പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ഗുണഭോക്താക്കൾ ഓട്ടോ കൈമാറില്ലെന്നും മറിച്ചു വിൽക്കുകയില്ലെന്നുമുള്ള കരാർ തയാറാക്കിയില്ല.
2. ആനുകൂല്യം ലഭിച്ച ശ്രീ. യജമാൻ, കരീത്തറ എന്ന വ്യക്തി അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടയാളല്ല. ടിയാളുടെ അമ്മയാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്.
3. സബ്സിഡി ആനുകൂല്യം നൽകിയ സമയത്ത് ഗുണഭോക്താവായ ശ്രീ. മനോജ്. പി. ബി., നികർത്തിൽ എന്ന വ്യക്തിയുടെ ഡ്രൈവിംഗ് ലൈസൻസ് LMV യുടേതാണ്. ടിയാന് 3 വീലർ (ഓട്ടോ റിക്ഷ) ലൈസൻസ് ഇല്ലെന്ന് കാണുന്നു. ലൈസൻസും ബാഡ്ജും LMV വിഭാഗത്തിന്റേതാണ്.

അപാകതകളിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/29.11.2016 നു ലഭ്യമാക്കിയ മറുപടിയിൽ കരാർ എഴുതി വാങ്ങി സൂക്ഷിക്കുന്നതാണെന്നും ശ്രീ. യജമാൻ, കരീത്തറ എന്ന വ്യക്തിയ്ക്ക് ആനുകൂല്യം നൽകിയത് 24.03.15-ലെ 1(4)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരമാണെന്നും ടിയാനെ ഗുണഭോക്താവായി തെരഞ്ഞെടുത്തതിന് 2016-17-ലെ ഗ്രാമസഭയിൽ വെച്ച് സാധൂകരണം വാങ്ങുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ശ്രീ. മനോജ്.പി. ബി, നികർത്തിൽ എന്ന വ്യക്തിയുടെ ലൈസൻസ് ഫയലിൽ വാങ്ങി സൂക്ഷിക്കുന്നതാണെന്നും വ്യക്തമാക്കുകയുണ്ടായി. പദ്ധതി നിർവ്വഹണ സമയത്ത് ഗുണഭോക്താക്കളുടെ അർഹത, മതിയായ രേഖകൾ എന്നിവ ഉറപ്പു വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ കടമയാണ്. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്തൃ സമിതിയിൽ തെരഞ്ഞെടുക്കപ്പെടാത്ത വ്യക്തിക്കും, ഓട്ടോറിക്ഷാ ലൈസൻസ് ഇല്ലാത്ത വ്യക്തിക്കും നൽകിയ ധനസഹായം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ - വാങ്ങലിൽ നടപടിക്രമങ്ങൾ

പാലിച്ചില്ല.

കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ (സിഡ്കോ) നിന്നുമാണ് പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി സ്റ്റീൽ ടേബിളും, കസേരയും താഴെ പറയുന്ന പ്രോജക്ടുകൾ മുഖേന വാങ്ങി നൽകിയിട്ടുള്ളത്.

1. പ്രോജക്ട് നം. : 194/16 (പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ നൽകൽ)
   അടങ്കൽ : 1,16,000/- (വികസന ഫണ്ട് -1,15,000/-; തനത് ഫണ്ട് - 1000)
   ചെലവ് : 1,16,000/- (ബിൽ നം- 28/15-16 തീ: 29.03.16 - 115000/-; ഡി.ഡി.നം.123149/18.04.16-1000)

2. പ്രോജക്ട് നം. : 181/16 (പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ നൽകൽ)
   അടങ്കൽ : 12,000/- (വികസന ഫണ്ട് -11,200/-; തനത് ഫണ്ട് - 800)
   ചെലവ് : 12,000/- (ബിൽ നം- 27/15-16, തീ:29.03.16- 11200/-; ഡി.ഡി.നം.123150/18.04.16-800)

സിഡ്കോയുടെ 27.02.16-ലെ ബിൽ നം SMCALPY/15-160360 പ്രകാരമുള്ള സ്പെസിഫിക്കേഷനും വിലയും ഇപ്രകാരമാണ്.

1. 32 എണ്ണം Special Type table 22 G 30x16x30" @ 2300/- യൂണിറ്റ് റേറ്റ്

2. 32 എണ്ണം Steel Chair 3/4" Round CR tube powder coated frame @ 1193.50/- യൂണിറ്റ് റേറ്റ്.
   വില്പന നികുതി 14.50% അടക്കം ആകെ തുക 1,28,000/-

23.11.2013-ലെ ജി.ഒ.(ആർ.ടി.)നം. 65/2013/എസ്.പി.ഡി, 19.12.2014-ലെ ജി.ഒ.(ആർ.ടി.)നം. 74/2014/ എസ്.പി.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ അനുബന്ധം I & II -ൽ വിവരിച്ചിട്ടുള്ള സ്റ്റീൽ ഫർണ്ണീച്ചറുകൾ മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികൾ ഒഴിവാക്കി സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നത്. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവുകളിലെ അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങളാണ് സിഡ്കോ സപ്ലൈ ചെയ്തിട്ടുള്ളത്. ആയതിനാൽ മേൽ ഫർണ്ണീച്ചറുകളുടെ വാങ്ങലിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

വാങ്ങലുകളിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 അഗതി- ആശ്രയ- ഭക്ഷ്യ സാധനങ്ങളുടെ വിതരണം സുതാര്യമല്ല..

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് മുഖേന ഭക്ഷ്യ സാധനങ്ങളുടെ വിതരണത്തിനായി വികസന ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്

പ്രോജക്ട് നം. : 12/16 (അഗതി -ആശ്രയ)

അടങ്കൽ : 2,00,000/- (വികസന ഫണ്ട്)

ചെലവ് : 2,00,000/-
(ബിൽ നം- 06/15-16, തീ: 11.08.15, 29447/-;
ബിൽ നം- 11/15-16,തീ: 26.08.15, 29354/-;
ബിൽ നം- 15/15-16, തീ: 31.12.15, 1,18,000/-;
ബിൽ നം- 29/15-16, തീ: 30.03.16, 23,199/-)

110 അഗതികൾക്ക് ഭക്ഷണം നൽകാനാണ് പ്രോജക്ട് ലക്ഷ്യം. ആയതിലേയ്ക്കായി അഗതികൾക്കു ഭക്ഷണ കിറ്റ് നൽകുന്നതിനായി മേൽ ബില്ലുകൾ പ്രകാരം 4 പ്രാവശ്യം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സപ്ലൈകോ സൂപ്പർ മാർക്കറ്റ്, ഉറവൂർ എന്ന സ്ഥാപനത്തിൽ നിന്നും ചെറുപയർ, കടല, ചായപ്പൊടി, ഉഴുന്ന്, അരിപ്പൊടി, വെളിച്ചെണ്ണ, പഞ്ചസാര, റവ, മല്ലിപ്പൊടി, മുളകു പൊടി, സാമ്പാർ പൊടി, തവിടെണ്ണ, കാപ്പിപ്പൊടി, അച്ചാർ പൊടി, പുട്ടു പൊടി തുടങ്ങിയ ഭക്ഷ്യ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

അപാകതകൾ താഴെ ചേർക്കുന്നു.

1. സപ്ലൈകോയുടെ ബില്ലുകൾ പ്രകാരം വാങ്ങിയ ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. 29354/- രൂപയുടെ ബിൽ പ്രകാരം വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ വിതരണ രേഖയിൽ (08/15) 42 പേർക്ക് 200/- രൂപയുടെ ഭക്ഷണ കിറ്റ്, 34 പേർക്ക് 300/- രൂപയുടെ ഭക്ഷണ കിറ്റ്, 13 പേർക്ക് 400/- രൂപയുടെ ഭക്ഷണ കിറ്റ് എന്നിങ്ങനെയാണ്. ശേഷിക്കുന്ന 21 പേർക്ക് വിതരണം ചെയ്ത കിറ്റിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.
3. 1,18,000/- രൂപയുടെ ബില്ല് പ്രകാരം വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ വിതരണ രേഖയിൽ 42 പേർക്ക് 200/- രൂപയുടെ ഭക്ഷണ കിറ്റ്, 34 പേർക്ക് 300/- രൂപയുടെ ഭക്ഷണ കിറ്റ്, 12 പേർക്ക് 400/- രൂപയുടെ ഭക്ഷണ കിറ്റ് എന്നിങ്ങനെയാണ്. ശേഷിക്കുന്ന 22 പേർക്ക് വിതരണം ചെയ്ത കിറ്റിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.
4. 29447/- രൂപയുടെ ബില്ല് പ്രകാരവും 23199/- രൂപയുടെ ബില്ല് പ്രകാരവും ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതിൽ വിതരണ രേഖയായി ഹാജരാക്കിയിട്ടുള്ളത് 110 ഗുണഭോക്താക്കൾ ഒപ്പിട്ട ലിസ്റ്റു മാത്രമാണ്. ഇതിൽ വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ അളവും തരവും രേഖപ്പെടുത്തിയിട്ടില്ല.

200, 300, 400 രൂപയുടെ ഭക്ഷ്യ സാധനങ്ങളുടെ കിറ്റിൽ ഭക്ഷ്യ സാധനങ്ങൾ എത്ര അളവിൽ, എത്ര എണ്ണം ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ സപ്ലൈകോയുടെ ബില്ല് പ്രകാരമുള്ള ഭക്ഷ്യ സാധനങ്ങൾ പൂർണ്ണമായും പ്രസ്തുത കിറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇത് വിതരണ പ്രക്രിയയുടെ സുതാര്യത ഉറപ്പാക്കുന്നില്ല. വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/29.11.16), സപ്ലൈകോയുടെ ബിൽ പ്രകാരമുള്ള ഭക്ഷ്യ സാധനങ്ങൾ കിറ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് കൃത്യമായും പരിശോധിച്ച് ഉറപ്പുവരുത്തിയിരുന്നുവെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. ഭക്ഷ്യ സാധനങ്ങൾ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുമ്പോൾ ബില്ലുകൾ പ്രകാരമുള്ള അളവിലും തൂക്കത്തിലും സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിനു ശേഷം മാത്രം വിതരണം നടത്തേണ്ടതാണ്. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്താലും, പൂർണ്ണമായ വിതരണ വിവരത്തിന്റെ അഭാവത്താലും ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-25 രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പട്ടികജാതി കുടുബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായുള്ള താഴെ പറയുന്ന പ്രോജക്ട് പ്രകാരം 31 ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ സബ്സിഡിയായി 6000/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. : 27/16 (എസ്.സി. കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ )

അടങ്കൽ : 2,40,000/- (വികസന ഫണ്ട്)

ചെലവ് : 1,86,000/-
(ബിൽ നം- 13/15-16, തീ: 13.10.15, 36,000/-;
ബിൽ നം- 14/15-16, തീ: 15.12.15, 36,000/-;
ബിൽ നം- 16/15-16, തീ: 25.01.16, 12,000/-;
ബിൽ നം- 18/15-16, തീ: 22.02.16, 18,000/-;
ബിൽ നം- 22/15-16, തീ: 14.03.16, 12,000/-
ബിൽ നം- 33/15-16, തീ: 30.03.16, 72,000/-)

ഫയൽ പരിശോധിച്ചതിൽ, താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വരുമാനം ഉറപ്പു വരുത്താതെ ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1 | ഷൈനി രാമകൃഷ്ണൻ | റേഷൻ കാർഡ് എ.പി.എൽ, വരുമാനം തെളിയിക്കുന്ന രേഖ ഇല്ല |
| 2 | സി. മണിയപ്പൻ, തൃവേണി | വരുമാനം തെളിയിക്കുന്ന രേഖ ഇല്ല |
| 3 | രമണൻ കരുണാകരൻ | വരുമാനം തെളിയിക്കുന്ന രേഖ ഇല്ല |
| 4 | ഭാർഗ്ഗവി , കൊച്ചുപറമ്പ് | വരുമാനം തെളിയിക്കുന്ന രേഖ ഇല്ല |

അപാകത ആവർത്തിക്കുകയില്ലെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (21/29.11.16) മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കുകയുണ്ടായി. രേഖകളുടെ അഭാവത്തിൽ 4 ഗുണഭോക്താക്കൾക്കായി നൽകിയ 24000/- രൂപ (4x 6000/-) തടസ്സപ്പെടുത്തുന്നു.

## 3-26 വിവാഹധനസഹായം - അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളില്ലാതെയും കാലാവധി കഴിഞ്ഞ അപേക്ഷകളിലും ധനസഹായം നൽകി.

17/3/2016 ലെ 968-ാം നമ്പർ വൗച്ചർ പ്രകാരം 4,20,000/- രൂപ താഴെ പറയുന്ന വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നം | പേരും മേൽവിലാസവും | തുക |
|---|---|---|
| 1 | മേരി ഗ്രേസി, മേനംങ്കാട്, പള്ളിത്തോട് | 30000/- |
| 2 | സതിവേണു, മുള്ളൻപറമ്പിൽ, കുത്തിയതോട് | 30000/- |
| 3 | ഷീബ, നികർത്തിൽ, പറയകാട് | 30000/- |
| 4 | രാധ വിജയൻ, വാലുചിറ, തുറവൂർ | 30000/- |
| 5 | രേണുകാദേവി, ദിവ്യാ നിലയം, പറയകാട് | 30000/- |
| 6 | രമ, കണ്ണേകാട്, തുറവൂർ | 30000/- |
| 7 | പ്രഷീല, കളത്തിൽ ഹൗസ്, പള്ളിത്തോട് | 30000/- |
| 8 | ലീല, കുട്ടുങ്കൽ തറ, തുറവൂർ | 30000/- |
| 9 | സുജാത, മങ്ങാട്ടു ഹൗസ്, തുറവൂർ | 30000/- |
| 10 | അംബാലിക, ദേവസ്വം തറ, തുറവൂർ | 30000/- |

| | | |
|---|---|---|
| 11 | സുധർമ്മ, കുറുമ്പിൽ നികർത്ത്, ഉറവൂർ | 30000/- |
| 12 | കനകമ്മ, നികർത്തിൽ, ഉറവൂർ | 30000/- |
| 13 | വിമല, പുത്തൻപുര, ഉറവൂർ | 30000/- |
| 14 | തങ്കമ്മ, നികർത്തിൽ, പറയകാട് | 30000/- |

മേൽ പറഞ്ഞ ഗുണഭോക്താകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ട വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, പുനർ വിവാഹിതയല്ലയെന്ന തെളിയിക്കുന്ന സാക്ഷ്യപത്രം, തുടങ്ങി പല രേഖകളും ഹാജരാക്കിയിട്ടില്ല. കൂടാതെ ശ്രീമതി. രേണുകാദേവി, ശ്രീമതി.കനകമ്മ, ശ്രീമതി. വിമല എന്നിവരുടെ അപേക്ഷ വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനു ശേഷം സമർപ്പിച്ചതായിരുന്നു. ഇത്തരം അപേക്ഷകൾ ജില്ലാകളക്ടറുടെ അംഗീകാരത്തിന് അയച്ചുകൊടുത്തതായി കാണുന്നില്ല. ICDS സൂപ്പർവൈസറുടേയോ, മറ്റ് റിപ്പോർട്ടുകളോ ഇല്ലാതെ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ 19-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മേൽ ന്യൂനതകൾ നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതും ഇനിമേൽ ഇത്തരം ന്യൂനതകൾ പരിഹരിച്ച് മാത്രമേ ആനുകൂല്യങ്ങൾ നൽകുകയുള്ളൂയെന്നും അറിയിച്ചിട്ടുണ്ട്. കളക്ടറുടെ അംഗീകാരമില്ലാതെ മൂന്ന് പേർക്ക് അനുവദിച്ച ആനുകൂല്യ തുകയായ 90000/- രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു.

## 3-27 മരുന്നു വാങ്ങിയതിന് രേഖയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

1. പ്രോജക്റ്റ് നം. : 01/16 (പള്ളിത്തോട് പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ)
   അടങ്കൽ : 75,000/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം)
   ചെലവ് : 75,000/- (ബിൽ നം- 06/15-16, തീ: 22.12.15, 10,000/-
   ബിൽ നം. : 07/15-16, തീ: 27.01.16, 40,000/-
   ബിൽ നം. : 10/15-16, തീ: 17.03.16, 25,000/-)

2. പ്രോജക്റ്റ് നം. : S0145/16 (പള്ളിത്തോട് പി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ)
   അടങ്കൽ : 14313/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം)
   ചെലവ് : 14313/- (ബിൽ നം- 01/15-16, തീ: 13.07.15, 3752/- ;
   ബിൽ നം. : 03/15-16, തീ : 22.09.15, 10,561/-)

മേൽ പ്രോജക്റ്റുകൾ (I &II) മുഖാന്തിരം നടത്തിയ മരുന്നു വാങ്ങലിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രോജക്റ്റ് നം. 01/16 പ്രകാരം 75000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം. 10/15-16 പ്രകാരം 25000/- രൂപ പിൻവലിച്ചതിൽ മാവേലി മെഡിക്കൽസ്, സപ്ലൈകോ, ചേർത്തല എന്ന സ്ഥാപനം 20000/- രൂപയുടെ ക്യാഷ് ബിൽ ഹാജരാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 5000/- രൂപ മാനേജർ, കെ.എസ്.ഡി.പി, ആലപ്പുഴ പേർക്ക് ഡിമാൻഡ് ഡ്രാഫ്റ്റായി മാറ്റിയതായി കാണുന്നു (നം. 198965/28.03.16 – 5000/-). എന്നാൽ തുകയുടെ കൈപ്പറ്റ്, മരുന്നിന്റെ ക്യാഷ് ബിൽ എന്നിവ ലഭ്യമല്ല.
2. മേൽ രണ്ടു പ്രോജക്റ്റുകളിലുമായി വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്തിന്റെ വിവരം, വിതരണ വിവരം എന്നിവ കാണിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതകളിന്മേൽ വിശദീകരണവും രേഖകളും ആവശ്യപ്പെട്ടു നൽകിയ 29.11.16-ലെ 23-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന്മേൽ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 5000/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന - അപാകതകൾ

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ, തീ: 26.07.2011) പാലിച്ചിട്ടില്ല.
2. വസ്തു നികുതി - സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കുടിശ്ശിക, എ.എഫ്.എസ് പ്രകാരമുള്ള ഡിമാന്റ്, കുടിശ്ശികയുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ 2015-16 ലെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കുടിശിക, ഡിമാന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. ബി- ഫണ്ട് -ആയൂർവേദം- വരവ് തുക 7000/- രൂപ എന്നാണ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-6 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതേ പത്രികയിലെ I-14(d)-ൽ ഇത് 11,300/- രൂപ ചെലവായതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. റസ്പീറ്റ് & പേയ്മെന്റ് പത്രികയിലും ഇപ്രകാരമാണ് രേഖപ്പെടുത്തലുകൾ ഉള്ളത് (RP7 & RP 19).
4. എസ്.ബി.റ്റി. ശുചിത്വം അക്കൗണ്ടിലെ നീക്കിയിരുപ്പ് വാർഷിക ധനകാര്യ പത്രികയിലെ RP40(b) പ്രകാരം 597610/- രൂപയാണ്. എന്നാൽ 31.05.15, 30.11.15 എന്നീ തീയതികളിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട പലിശ യഥാക്രമം 12082/-, 14796/- രൂപയാണ്. ഇത് വാർഷിക കണക്കുകളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ടി തുകകൾ അക്കൗണ്ട് ചെയ്യാതെയുള്ള നീക്കിയിരിപ്പ് തുകയാണ് ധനകാര്യപത്രികയിൽ ഉള്ളത്.
5. ബാലൻസ് ഷീറ്റ് - ഷെഡ്യൂൾ B-5-ൽ തൻവർഷം വായ്പയിനത്തിൽ ലഭിച്ച 2 ലക്ഷം രൂപയുൾപ്പെടെ 27,35,550/- ആയിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. എന്നാൽ ടി ഷെഡ്യൂളിൽ 25,35,550/- രൂപയാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
6. RP-31 ൽ 320700105-ഹെഡ് ഓഫ് അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടുള്ള 1 ലക്ഷം രൂപ (ജോയിന്റ് വെഞ്ചർ പ്രോജക്ടിനായുള്ള സംഭാവന തുക) റദ്ദാക്കപ്പെട്ടതിനാൽ ലഭിച്ചിട്ടില്ല. എന്നാൽ ടി തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പട്ടണക്കാട് | 2014-15 | 39886 | പാലിയേറ്റീവ് കെയർ | 39886 | - |
| ബ്ലോക്ക് പഞ്ചായത്ത്, പട്ടണക്കാട് | 2014-15 | 318230 | ശാരീരികവും മാനസികവുമായ വൈകല്യമുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 118230 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

--ഇല്ല--

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

--ഇല്ല--

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2 ലക്ഷം രൂപ വരവുണ്ട്. മുൻ ബാക്കി 36,91,900/-രൂപയടക്കം 38,91,900/- രൂപയിൽ 1156350/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാ രംഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാ വസാനം |
|---|---|---|---|---|---|

| | | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം. 747/2010/ത.സ്വ.ഭ.വ തീയതി.15.03.2010 | 3691900 | 3691900 | 1156350 | | 2535550 |
| | 2015-16 | 200000 | | | | 200000 |
| | ആകെ | 3891900 | 3691900 | 1156350 | | 2735550 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

--ഇല്ല--

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-9 | 2011-12 | 2.6 | നിക്ഷേപപ്രവൃത്തികൾ നടപടിക്രമം പാലിക്കുന്നില്ല. | പരാമർശം നിലനിൽക്കുന്നു. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2,69,07,792/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,35,99,335/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4,443/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 43,562/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,44,963/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |

| | | | |
|---|---|---|---|
| 2-2 | 4150/- | | എസ്. വേണഗോപാൽ, സെക്രട്ടറി |
| 2-11(ബി) | 293/- | | എസ്. വേണഗോപാൽ, സെക്രട്ടറി |
| 3-4 | | 14,424/- | റെയ്ച്ചൽ ബെഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-5 | | 5,294/- | |
| 3-6 | | 5,044/- | |
| 3-7 | | 4,423/- | |
| 3-8 | | 12,817/- | |
| 3-11 | | 1,560/- | ജയശ്രീ. പി. പി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 4443/- | 43,562/- | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 7,80,000/- | റെയ്ച്ചൽ ബെഞ്ചമിൻ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | 1,00,000/- | |
| 3-9 | 29,400/- | ഡോ. സേതുമാധവൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്. സി. |
| 3-16 | 21,800/- | എസ്. വേണഗോപാൽ, സെക്രട്ടറി |
| 3-17 | 1,00,000/- | എസ്. വേണഗോപാൽ, സെക്രട്ടറി |
| 3-21 | 65,000/- | പി.എം. ഉഷ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-22 | 1,00,000/- | |
| 3-24 | 2,00,000/- | |
| 3-25 | 24,000/- | |
| 3-26 | 90,000/- | എസ്. വേണഗോപാൽ, സെക്രട്ടറി |
| 3-27 | 5,000/- | ഡോ. സേതുമാധവൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്. സി. |
| ആകെ | 16,44,963/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-3, 2-4, 2-6

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്. വേണഗോപാൽ, സെക്രട്ടറി | സെക്രട്ടറി,<br>കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | ഡി.എസ്. നിലയം,<br>എഴുപുന്ന സൗത്ത് പി. ഒ, ആലപ്പുഴ |

| | | |
|---|---|---|
| | | |
| റെയ്ച്ചൽ ബെഞ്ചമിൻ,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,<br>എൽ.എസ്.ജി.ഡി, കുത്തിയതോട് | ബഥേൽ, അരൂർ പി.ഒ, ആലപ്പുഴ |
| ജയശ്രീ. പി. പി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,<br>കുത്തിയതോട് | ഗൗരി നിവാസ്,<br>ചക്കരക്കുളം, സി.എം.സി.-12/440 ഡി,<br>ചേർത്തല |
| ഡോ. സേതുമാധവൻ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്. സി. പള്ളിത്തോട് | സരോവരം,<br>സി.എം.സി. ചേർത്തല |
| പി. എം. ഉഷ,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>കുത്തിയതോട് ഗ്രാമപഞ്ചായത്ത് | നന്ദനം, തുറവൂർ പി.ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.എ.9-180/98/ 3-07-98/10-12-98 | | |
| 1999-00 ,2000-01 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 | | |
| 2002-03 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 | | |
| 2003-04 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 | | |
| 2005-06 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 | | |
| 2006-07 | എൽ.എഫ്.ജി.എ 5- 1577/2013 | | |
| 2007-08 | എൽ.എഫ്.ജി.എ 5- 1577/2013 | | |
| 2008-09 | എൽ.എഫ്.ജി.എ 5- 1577/2013 | | |
| 2009-10 | എൽ.എഫ്.ജി.എ 5- 1577/2013 | | |
| 2010-11&<br>2011-12 | എൽ.എഫ്.എ.പി2- 134/13/05-12-13 | | |
| 2012-13 | എൽ.എഫ്.എ.പി2- 101/14/04/08/15 | | |
| 2013-2014 &<br>2014-15 | കെ.എസ്.എ.എ.എൽ.പി/പി2-374/2016/26.03.16 | | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

കെ.എസ്.എ-എ.എൽ.പി-പി2-1480/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഇ-മെയിൽ – ddhglfalpy@gmail.com

ഫോൺ – 0477-2252753,

തീയതി: 28.12.2016

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

KSA-ALP-P2-1480/16

Kerala State Audit Department,

District Audit Office, Alappuzha,

Ph :- 0477-2252753,

E-mail :- ddhglfalpy@gmail.com

Date: 28.12.2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kuthiathode Grama panchayat in Alappuzha district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kuthiathode Grama panchayat for the year 2015-16 except the observations in my audit report Para 4-1, properly presents the picture of income and expenditure.

Deputy Director